pscnet.in

# സാമൂഹ്യശാസ്ത്രം II

## സ്റ്റാൻഡേർഡ് IX

### ഭാഗം - 2

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

NT-811-1-SOC. SCI.-II-9-M-VOL.2

pscnet.in

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്ന വരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമ ത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695 012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

pscnet.in

പ്രിയപ്പെട്ട കുട്ടികളേ,

അഞ്ചു മുതൽ എട്ടു വരെ ക്ലാസുകളിലെ ഭൂമിശാസ്ത്രം വിഷയവുമായി ബന്ധപ്പെട്ട അധ്യായങ്ങളിലൂടെ കടന്നുപോയപ്പോൾ നാം വസിക്കുന്ന ഭൂമിയിലെ വൈവിധ്യങ്ങളുടെ ഒരു നിറക്കാഴ്ച നിങ്ങൾക്കു ലഭിച്ചിട്ടുണ്ടാകും. എന്തുകൊണ്ട് ഈ വൈവിധ്യങ്ങൾ, എന്ന അന്വേഷണമാണ് ഒമ്പത്, പത്ത് ക്ലാസുകളിലെ ഭൂമിശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട അധ്യായങ്ങളിൽ നിങ്ങൾക്ക് കാണാൻ കഴിയുക. ഇത്തരം അന്വേഷണങ്ങൾ കൂടുതൽ അറിവുകളിലേക്കും കൂടുതൽ അന്വേഷണങ്ങളിലേക്കും 'നമ്മുടെ ഭൂമിയെ സംരക്ഷിക്കുക' എന്ന പ്രതിജ്ഞയിലേക്കും നമ്മെ നയിക്കും. നിത്യജീവിതവും സാമ്പത്തികശാസ്ത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള അറിവ് സമകാലിക ലോകത്ത് ജീവിക്കാൻ നിങ്ങളെ പ്രാപ്തരാക്കും. ഇതിനായി സാമ്പത്തികശാസ്ത്രത്തിലെ വിവിധ ആശയങ്ങൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിമർശനചിന്തയും നിരന്തരമായ അന്വേഷണങ്ങളും പഠനപ്രവർത്തനങ്ങളും അറിവിന്റെ ജാലകം തുറക്കാൻ നിങ്ങളെ സഹായിക്കും.

സമഗ്ര എന്ന എഡ്യുക്കേഷണൽ പോർട്ടലും ക്യു.ആർ.കോഡ് രേഖപ്പെടുത്തിയ പാഠപുസ്തകങ്ങളും ക്ലാസ്റൂം പഠനപ്രവർത്തനങ്ങൾ ആയാസരഹിതവും രസകരവും ആക്കിതീർക്കും. ദേശീയതൊഴിൽ നൈപുണി ചട്ടക്കൂടും (NSQF) കാലികപ്രസക്തിയുള്ള ദുരന്തനിവാരണമാർഗങ്ങളും ഐ.സി.ടി. സാധ്യതകളും പരിഗണിച്ചാണ് പാഠപുസ്തകം മെച്ചപ്പെടുത്തിയിട്ടുള്ളത്. അറിവും സന്തോഷവും പ്രദാനം ചെയ്യുന്നതും ജീവിതഗന്ധിയുമായ പഠനാനുഭവങ്ങൾ ആസ്വദിച്ച് അതിൽ പങ്കെടുത്തുകൊണ്ട് ഈ പാഠപുസ്തകം കൂടുതൽ സമ്പുഷ്ടമാക്കുവാൻ നിങ്ങൾക്കാവട്ടെ. നാളത്തെ നല്ല പൗരൻമാരായിത്തീരാൻ ഈ പാഠപുസ്തകം നിങ്ങൾക്ക് വഴികാട്ടിയാകും.

സ്നേഹാശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

pscnet.in

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ – താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

pscnet.in

# ഉള്ളടക്കം


6 സാമ്പത്തികവളർച്ചയും
സാമ്പത്തികവികസനവും ........................................ 87

7 സുരക്ഷിതമായ നാളെയ്ക്ക് ........................................ 99

8 ജനസംഖ്യ, കുടിയേറ്റം,
വാസസ്ഥലങ്ങൾ ........................................ 115

9 സമ്പദ്‌വ്യവസ്ഥകളും
സാമ്പത്തികനയങ്ങളും ........................................ 134




pscnet.in

ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു.


അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


പഠനപുരോഗതി നിർണയിക്കുന്ന ചോദ്യങ്ങൾ


പ്രവർത്തനങ്ങൾ


വിലയിരുത്താം


തുടർപ്രവർത്തനങ്ങൾ



pscnet.in

6

# സാമ്പത്തിക വളർച്ചയും സാമ്പത്തിക വികസനവും

സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് നാം മുൻപ് ചർച്ചചെയ്തല്ലോ. ഒരു സമ്പദ്‌വ്യസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? രാജ്യത്തെ കാർഷികോൽപ്പാദനം വർധിച്ചു എന്നത് പ്രകടമായ ഒരു മാറ്റമാണ്. അതുപോലെ വേറെയും മാറ്റങ്ങൾ നമുക്കു കണ്ടെത്താൻ കഴിയും.

6EPQC6

- നിർമാണമേഖല വളരുന്നു.
- വ്യാവസായികോൽപ്പാദനത്തിൽ വർധനവ് ഉണ്ടാകുന്നു.
- 

ഇവിടെ സൂചിപ്പിച്ചിരിക്കുന്ന മാറ്റങ്ങളെ പൊതുവെ സാമ്പത്തികവളർച്ച എന്നു വിശേഷിപ്പിക്കുന്നു.

## സാമ്പത്തികവളർച്ച (Economic growth)


ഒരു സമ്പദ്‌വ്യവസ്ഥയിലെ സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദനത്തിൽ ഉണ്ടാകുന്ന വർധനവിനെയാണ് സാമ്പത്തികവളർച്ച എന്നതുകൊണ്ട് അർഥമാക്കുന്നത്. സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് വർധിക്കുക എന്നാൽ രാജ്യത്തിന്റെ ദേശീയവരുമാനം വർധിക്കുന്നു എന്നാണർഥം. ചുരുക്കത്തിൽ, ഒരു രാജ്യത്തിന്റെ ആകെ ഉൽപ്പാദനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടാകുന്ന വർധനവാണ് സാമ്പത്തികവളർച്ച



pscnet.in

എന്നു പറയുന്നത്.

സാമ്പത്തികവളർച്ചയുടെ ഒരു ഉദാഹരണം ശ്രദ്ധിക്കൂ. 2016-17 വർഷത്തിൽ ഒരു പ്രദേശത്ത് 100 ക്വിന്റൽ നെല്ല് ഉൽപ്പാദിപ്പിച്ചു എന്നു കരുതുക. 2017-18 സാമ്പത്തികവർഷത്തിൽ നെല്ലുൽപ്പാദനം 110 ക്വിന്റലായി ഉയർന്നെങ്കിൽ മുൻവർഷത്തെ അപേക്ഷിച്ച് 2017-18 ൽ 10% ഉൽപ്പാദനവർധനവ് ഉണ്ടായി എന്ന് മനസ്സിലാക്കാം. ഇത് സാമ്പത്തികവളർച്ചയെ സൂചിപ്പിക്കുന്നു. സാമ്പത്തികവളർച്ചയുണ്ടാകുമ്പോൾ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള രാജ്യത്തിന്റെ ശേഷി വർധിക്കുന്നു. എങ്ങനെയാണ് സാമ്പത്തികവളർച്ച ഉണ്ടാകുന്നതെന്ന് താഴെ കൊടുത്തിരിക്കുന്ന ചാർട്ടിൽനിന്ന് കണ്ടെത്താം.




ഉൽപ്പാദനരംഗത്ത് പുരോഗതി ഉണ്ടാകുന്നതോടെ കൂടുതൽ തൊഴിലവസരങ്ങൾ രാജ്യത്ത് സൃഷ്ടിക്കപ്പെടുമെന്ന് പൊതുവെ കരുതപ്പെടുന്നു. ആ തൊഴിൽ മുഖാന്തരം കിട്ടുന്ന വരുമാനം തൊഴിലാളികളുടെ വാങ്ങൽശേഷി ഉയർത്തുന്നു. തൊഴിലിൽ ഏർപ്പെടുന്നവരുടെ ജീവിതഗുണനിലവാരം ഇതിലൂടെ മെച്ചപ്പെടാൻ ഇടയാക്കുന്നു.



*സാമ്പത്തികവളർച്ച ഒരു സമ്പദ്‌വ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാക്കുന്നത്?*

## സാമ്പത്തികവളർച്ചനിരക്ക് (Economic growth rate)

സാമ്പത്തികവളർച്ചയെക്കുറിച്ച് നാം മനസ്സിലാക്കിയല്ലോ. സാമ്പത്തികവളർച്ച എങ്ങനെ തിട്ടപ്പെടുത്തുമെന്ന് നോക്കാം. സാമ്പത്തികവളർച്ചനിരക്ക് എന്ന അളവുകോലാണ് ഇതിന് ഉപയോഗിക്കുന്നത്. ദേശീയവരുമാനത്തിലുണ്ടാകുന്ന വർധനവിനെ അടിസ്ഥാനമാക്കിയാണ് സാമ്പത്തികവളർച്ച കണക്കാക്കുന്നത്. മുൻവർഷത്തെ അപേക്ഷിച്ച് നടപ്പുവർഷം ദേശീയവരുമാനത്തിലുണ്ടായ വർധനവിന്റെ നിരക്കാണ് സാമ്പത്തികവളർച്ചനിരക്ക്.

pscnet.in


## സാമ്പത്തികവികസനം (Economic development)

സാമ്പത്തികവളർച്ച ഉണ്ടാകുന്നതുകൊണ്ടുമാത്രം ജനങ്ങളുടെ ജീവിതഗുണനിലവാരം മെച്ചപ്പെട്ടു എന്ന് അവകാശപ്പെടാൻ കഴിയില്ല. ജീവിതഗുണനിലവാരം മെച്ചപ്പെടണമെങ്കിൽ ഉയർന്ന ദേശീയവരുമാനത്തോടൊപ്പം മറ്റനവധി ജീവിതസാഹചര്യങ്ങൾകൂടി ലഭ്യമാക്കണം. അത്തരം സാഹചര്യങ്ങൾ എന്തെല്ലാമെന്ന് ആലോചിച്ചുനോക്കൂ.

- എല്ലാവർക്കും പോഷകാഹാരലഭ്യത.
- എല്ലാവർക്കും മെച്ചപ്പെട്ട ആരോഗ്യസംരക്ഷണസംവിധാനങ്ങൾ.
- എല്ലാവർക്കും വിദ്യാഭ്യാസസൗകര്യങ്ങൾ.
- എല്ലാവർക്കും ശുദ്ധജലലഭ്യത.
-

ഇത്തരത്തിൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ എല്ലാവർക്കും ലഭ്യമാകുമ്പോഴാണ് ഒരു രാജ്യത്തെ ജനങ്ങളുടെ ജീവിതഗുണനിലവാരം ഉയരുന്നത്. സാമ്പത്തികവളർച്ചയ്ക്കൊപ്പം ജീവിതഗുണനിലവാരംകൂടി ഉയരുമ്പോഴാണ് സാമ്പത്തികവികസനം ഉണ്ടാകുന്നത്. രാജ്യം സാമ്പത്തികവളർച്ച നേടുകയും രാജ്യത്തെ എല്ലാവർക്കും അതിന്റെ ഗുണഫലം അനുഭവിക്കാൻ കഴിയുകയും ചെയ്യുമ്പോഴാണ് ആ രാജ്യം സാമ്പത്തികവികസനം കൈവരിച്ചു എന്നു പറയുന്നത്.

**സാമ്പത്തികവികസനം = സാമ്പത്തികവളർച്ച + ജീവിത ഗുണനിലവാരത്തിലുള്ള ഉയർച്ച**



*സാമ്പത്തികവളർച്ച, സാമ്പത്തികവികസനം എന്നിവയുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ താഴെ നൽകിയിരിക്കുന്നു. അവ സാമ്പത്തിക വളർച്ച, സാമ്പത്തികവികസനം എന്നിങ്ങനെ തരംതിരിച്ച് പട്ടികയാക്കൂ.*

- *ദേശീയവരുമാനം വർധിച്ചു.*
- *ഗോതമ്പ് ഉൽപ്പാദനം 150 കോടി ടൺ ആയി ഉയർന്നു.*
- *ദേശീയപാതകൾ നാലുവരിയാക്കി വികസിപ്പിച്ചു.*
- *തൊഴിലാളികൾക്ക് വിദഗ്ധപരിശീലനം നൽകി.*
- *ആരോഗ്യമേഖലയിൽ അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി.*
- *വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെട്ടു.*

## വികസനസൂചികകൾ (Development Indices)

ലോകരാജ്യങ്ങളെ വികസിതരാജ്യങ്ങളെന്നും വികസ്വരരാജ്യങ്ങളെന്നും തരംതിരിക്കാറുണ്ട്. എന്ത് അടിസ്ഥാനത്തിലാണ് ഈ തരംതിരിവ് നടത്തുന്നത്? ഒരു രാജ്യം വികസിച്ചു എന്ന് എങ്ങനെയാണ് കണക്കാക്കുന്നത്? സാമ്പത്തികവികസനം കണക്കാക്കാനും വിലയിരുത്താനും പൊതുവെ അംഗീക

pscnet.in

രിക്കപ്പെട്ടിട്ടുള്ള ചില സൂചികകളുണ്ട്. പ്രധാന വികസനസൂചികകൾ താഴെ കൊടുത്ത ചാർട്ടിൽ നിന്നു കണ്ടെത്താം.

**വികസന സൂചികകൾ**

- പ്രതിശീർഷ വരുമാനം
- ഭൗതികജീവിതഗുണ നിലവാരസൂചിക
- മാനവവികസന സൂചിക
- മാനവസന്തോഷ സൂചിക

### പ്രതിശീർഷവരുമാനം (Per capita Income)

വികസനസൂചികകളിൽ ഏറ്റവും ലളിതവും ആദ്യകാലത്ത് മുൻഗണന നൽകി പരിഗണിച്ചിരുന്നതും പ്രതിശീർഷവരുമാനമാണ്. ഇതൊരു പരമ്പരാഗത വികസന സൂചികയാണ്. ദേശീയവരുമാനത്തെ ജനസംഖ്യകൊണ്ട് ഹരിച്ചുകിട്ടുന്ന സംഖ്യയാണ് പ്രതിശീർഷവരുമാനം.

ഈ സൂചികയനുസരിച്ച്, ഒരു രാജ്യം സാമ്പത്തികവികസനം നേടിയോ എന്ന് കണ്ടെത്തുന്നതിന് രണ്ടു കാര്യങ്ങളാണ് നിരീക്ഷിക്കേണ്ടത്.

- ദേശീയവരുമാനത്തിന്റെ വളർച്ചനിരക്ക്
- ജനസംഖ്യാവളർച്ചനിരക്ക്

ദേശീയവരുമാനത്തിന്റെ വളർച്ചനിരക്ക് ജനസംഖ്യാവളർച്ചനിരക്കിനേക്കാൾ കൂടിയിരുന്നാൽ മാത്രമേ പ്രതിശീർഷവരുമാനം കൂടുകയുള്ളൂ. പ്രതിശീർഷ വരുമാനത്തിലെ വർധനവ് വികസനത്തിന്റെ ഒരു സൂചികയാണ്. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ മുൻ വർഷങ്ങളുടെതുമായി താരതമ്യം ചെയ്യുന്നതിനും വിവിധ രാജ്യങ്ങളുടെ സാമ്പത്തിക വളർച്ച താരതമ്യം ചെയ്യുന്നതിനും പ്രതിശീർഷവരുമാനം പ്രയോജനപ്പെടുന്നു.

ഒരു വികസനസൂചികയെന്ന നിലയിൽ പ്രതിശീർഷവരുമാനത്തിന് നിരവധി പോരായ്മകൾ (Limitations) ഉണ്ട്.

- പ്രതിശീർഷവരുമാനം ഒരു ശരാശരി വരുമാനമാണ്. ഉദാഹരണത്തിന്, ഒരു രാജ്യത്തിന്റെ ആളോഹരിവരുമാനം 40,000 രൂപയാണെന്നു കരുതുക. ഇതിനർഥം ആ രാജ്യത്തെ ഓരോ വ്യക്തിയുടെയും കൈവശം ഇത്രയും വരുമാനം ലഭിക്കുന്നു എന്നല്ല. കോടികൾ വരുമാനമുള്ളവരും വരുമാനം തീരെ കുറഞ്ഞവരും ഈ കണക്കിൽ ഉൾപ്പെടും. അതിനാൽ ഇത് സംഖ്യാപരമായ കണക്കുകൂട്ടൽ മാത്രമാണ്.
- പ്രതിശീർഷവരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികവികസനം കണക്കാക്കുമ്പോൾ ദരിദ്ര-സമ്പന്ന വിഭാഗങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ ജീവിതഗുണമേന്മ കൈവരിച്ചു എന്ന് അവകാശപ്പെടാൻ കഴിയില്ല.

pscnet.in


- ജീവിതഗുണമേന്മ വർധിപ്പിക്കുന്ന ഘടകങ്ങളായ വിദ്യാഭ്യാസം, പോഷകാഹാരലഭ്യത, ആരോഗ്യസംരക്ഷണം തുടങ്ങിയവ പ്രതിശീർഷവരുമാനമെന്ന വികസനസൂചികയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല.
- സമ്പത്തിന്റെ വളർച്ചയ്ക്കപ്പുറം, അതിന്റെ തുല്യമായ വിതരണവും അതുവഴിയുണ്ടാകുന്ന സാമൂഹികക്ഷേമവും ഈ വികസനസൂചിക പരിഗണിക്കുന്നില്ല.

## ഭൗതികജീവിത ഗുണനിലവാരസൂചിക (Physical Quality of Life Index - PQLI)

ഒരു വികസനസൂചിക എന്ന നിലയിൽ പ്രതിശീർഷവരുമാനത്തേക്കാൾ കുറച്ചുകൂടി ശാസ്ത്രീയമായ ഒരു സൂചികയുടെ അനിവാര്യത ഉയർന്നുവന്നു. തൽഫലമായി 1979-ൽ ഭൗതികജീവിത ഗുണനിലവാരസൂചിക പ്രയോഗത്തിൽവന്നു.

പ്രതിശീർഷവരുമാനം എന്ന ഒറ്റ മാനദണ്ഡത്തിനു പകരം ഭൗതികജീവിത ഗുണനിലവാരസൂചിക മറ്റു മൂന്നു ഘടകങ്ങളെ അടിസ്ഥാനമായി പരിഗണിച്ചു. അവ താഴെ പറയുന്നവയാണ്.

- പ്രതീക്ഷിത ആയുർദൈർഘ്യം
- ശിശുമരണനിരക്ക്
- അടിസ്ഥാനസാക്ഷരത

ഭൗതികജീവിത ഗുണനിലവാരസൂചിക സാമ്പത്തികവികസനത്തെ വ്യത്യസ്തമായൊരു കാഴ്ചപ്പാടിലാണ് നോക്കിക്കാണുന്നത്.

ഉദാഹരണത്തിന്,

- ചികിത്സാസൗകര്യം വർധിക്കുമ്പോൾ ജീവിതനിലവാരവും സാമ്പത്തികവികസനവും ഉണ്ടാകുന്നു.
- പുതിയ വിദ്യാഭ്യാസസൗകര്യങ്ങൾ വരുമ്പോൾ വിദ്യാഭ്യാസനിലവാരവും ജീവിതഗുണനിലവാരവും മെച്ചപ്പെടുന്നു.

പ്രതിശീർഷവരുമാനത്തേക്കാൾ മികച്ച വികസനസൂചികയാണ് ഭൗതികജീവിത ഗുണനിലവാരസൂചികയെങ്കിലും പ്രതിശീർഷവരുമാനത്തെ അവഗണിക്കുന്നു എന്നത് അതിന്റെ പ്രധാന പരിമിതിയാണ്.

## മാനവവികസനസൂചിക (Human Development Index)

മാനവവികസനം മാനദണ്ഡമാക്കിയുള്ള സാമ്പത്തിക വികസനമാണിത്.

ഐക്യരാഷ്ട്ര വികസനസമിതി (യു.എൻ.ഡി.പി) മാനവവികസനം എന്ന ആശയത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കൂ:

"മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നതിന് ജനങ്ങൾക്ക് ലഭിക്കുന്ന അവസരങ്ങൾ വിപുലപ്പെടുത്തുന്ന പ്രക്രിയയാണ് മാനവവികസനം."

pscnet.in

മാനവവികസനം സാധ്യമാക്കുന്ന നിരവധി ഘടകങ്ങളുണ്ട്. ചില ഉദാഹരണങ്ങൾ നോക്കൂ.

- മെച്ചപ്പെട്ട വിദ്യാഭ്യാസസൗകര്യങ്ങൾ
- മികച്ച ആരോഗ്യസംരക്ഷണസംവിധാനം
- കൂടുതൽ പരിശീലനം

മേൽപ്പറഞ്ഞവയെല്ലാം മാനവവികസനത്തിലേക്കു നയിക്കുന്നവയാണ്. ഇനി നാം അറിയേണ്ടത് ഇത്തരത്തിൽ മാനവവികസനം ഉണ്ടായാൽ അത് സാമ്പത്തികവികസനത്തെ എങ്ങനെ സഹായിക്കും എന്നാണ്.

ഒരു സാഹചര്യം നോക്കാം:

മികച്ച വിദ്യാഭ്യാസസൗകര്യങ്ങൾ ഉണ്ടാകുന്നു.

↓

കൂടുതൽ പേർ വിദ്യാഭ്യാസം നേടുന്നു.

↓

മികച്ച വിദ്യാഭ്യാസം ലഭിച്ചവർക്ക് നല്ല ജോലിസാധ്യതയുണ്ടാകുന്നു.

↓

ജോലി ലഭിക്കുമ്പോൾ വരുമാനവും വാങ്ങൽശേഷിയും വർധിക്കുന്നു.

↓

മികച്ച ജീവിതസാഹചര്യങ്ങൾ നേടാൻ കഴിയുന്നു.



*താഴെ കൊടുത്തിരിക്കുന്ന മറ്റൊരു സാഹചര്യം പൂർത്തിയാക്കൂ.*

*പുതിയ ആശുപത്രികൾ സ്ഥാപിക്കുന്നു.*

↓

— — — — — — — — — — — — — — — —

↓

— — — — — — — — — — — — — — — —

↓

— — — — — — — — — — — — — — — —

മാനവവികസന സൂചിക തയാറാക്കുന്നത് മൂന്നു പ്രധാന ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ്. അവ താഴെ പറയുന്നു:

pscnet.in


- പ്രതിശീർഷവരുമാനം
- സാക്ഷരതയും മൊത്ത സ്കൂൾപ്രവേശനനിരക്കും
- ആയുർദൈർഘ്യം

മാനവവികസനസൂചികയുടെ മൂല്യം പൂജ്യത്തിനും ഒന്നിനും ഇടയിലാണ്. പൂജ്യം ഒട്ടും വികസനമില്ലായ്മയെ സൂചിപ്പിക്കുമ്പോൾ ഒന്ന് ഏറ്റവും ഉയർന്ന വികസനത്തെ പ്രതിനിധീകരിക്കുന്നു. സൂചികയുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ലോകരാഷ്ട്രങ്ങളെ നാലു വിഭാഗങ്ങളായി തിരിക്കാറുണ്ട്. താഴെ തന്നിരിക്കുന്ന പട്ടിക ശ്രദ്ധിക്കൂ.

| എച്ച്.ഡി.ഐ. മൂല്യം | വിഭാഗം |
|---|---|
| 0.8 മുതൽ 1.0 വരെ | വളരെ ഉയർന്ന മാനവവികസനം |
| 0.7 മുതൽ 0.799 വരെ | ഉയർന്ന മാനവവികസനം |
| 0.550 മുതൽ 0.699 വരെ | ഇടത്തരം മാനവവികസനം |
| 0.550 ന് താഴെ | താഴ്ന്ന മാനവവികസനം |

ഐക്യരാഷ്ട്ര വികസന പരിപാടി (യു.എൻ.ഡി.പി) ആണ് ഇങ്ങനെ ലോക രാഷ്ട്രങ്ങളെ തരംതിരിച്ച് പട്ടിക തയാറാക്കി പ്രസിദ്ധീകരിക്കുന്നത്. 1990 മുതൽ ഓരോ വർഷവും യു.എൻ.ഡി.പി. മാനവവികസന റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവരുന്നു.

*ഏതാനും ലോകരാഷ്ട്രങ്ങളുടെ 2016 ലെ മാനവവികസനസൂചികയുടെ മൂല്യം താഴെ ചേർത്തിരിക്കുന്നു. രാജ്യങ്ങളെ മാനവവികസനത്തിന്റെ അടിസ്ഥാനത്തിൽ നാലു വിഭാഗങ്ങളായി തിരിച്ച് പട്ടികയാക്കുക.*



- *ഇന്ത്യ – 0.624*
- *ഹെയ്തി – 0.493*
- *ജപ്പാൻ – 0.903*
- *മാലി – 0.442*
- *നോർവെ – 0.949*
- *ശ്രീലങ്ക – 0.766*
- *ബ്രസീൽ – 0.754*
- *ബംഗ്ലാദേശ് – 0.579*

*അവലംബം: എച്ച്.ഡി.ആർ.റിപ്പോർട്ട് 2016 (hdr.undp.org/en)*

മാനവവികസനസൂചികയുടെ പൂരകമായി ഐക്യരാഷ്ട്രസംഘടന വികസിപ്പിച്ചെടുത്ത മറ്റൊരു സൂചികയാണ് മാനവദാരിദ്ര്യസൂചിക (Human Poverty Index). 1997 ലാണ് ഇതിന്റെ ആദ്യ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. മൂന്നു ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് മാനവ ദാരിദ്ര്യസൂചിക തയാറാക്കുന്നത്. സുദീർഘവും ആരോഗ്യകരവുമായ ജീവിതം, അറിവ്, അന്തസ്സുറ്റ ജീവിതനിലവാരം എന്നിവയാണവ.

6EYLDT

## മാനവസന്തോഷ സൂചിക (Happiness Index)

മേൽപ്പറഞ്ഞ വികസനസൂചികകൾക്കു പുറമെ ഐക്യരാഷ്ട്ര സംഘടന അംഗീകാരം നൽകിയ പുതിയ ഒരു വികസനസൂചികയാണ് മാനവസന്തോഷ

സൂചിക. ഭൂട്ടാൻ വികസിപ്പിച്ച ഈ സൂചികയ്ക്ക് ഐക്യരാഷ്ട്ര സംഘടന അംഗീകാരം നൽകുകയാണുണ്ടായത്.

ഒൻപത് സൂചകങ്ങളാണ് ആനന്ദസൂചിക കണ്ടുപിടിക്കുന്നതിന് പരിഗണിക്കുന്നത്. അവ താഴെ പറയുന്നവയാണ്:

- ആരോഗ്യം
- ജീവിതനിലവാരം
- പ്രകൃതിയുടെയും ജൈവവൈവിധ്യത്തിന്റെയും സംരക്ഷണം
- സാമൂഹികജീവിതവും അയൽപക്കബന്ധവും
- അഴിമതിരഹിതഭരണം
- സാംസ്കാരികവൈവിധ്യം
- വിദ്യാഭ്യാസം
- സമയത്തിന്റെ ഫലപ്രദമായ ഉപയോഗം
- മാനസികാരോഗ്യം

2018 ലെ മാനവസന്തോഷ സൂചികയനുസരിച്ച് ലോകരാഷ്ട്രങ്ങളുടെയിടയിൽ ഇന്ത്യയുടെ സ്ഥാനം 133 ആണ്. ഫിൻലാന്റ്, നോർവെ, ഡെൻമാർക്ക് എന്നീ രാജ്യങ്ങളാണ് ആദ്യ മൂന്നു സ്ഥാനങ്ങളിൽ.

സാമ്പത്തികവളർച്ചയും സാമ്പത്തികവികസനവും പരസ്പരം ബന്ധപ്പെട്ടവയാണെന്നും എന്നാൽ അവ തമ്മിൽ പ്രകടമായ വ്യത്യാസങ്ങൾ ഉണ്ടെന്നും മനസ്സിലായല്ലോ. ഏതാനും വ്യത്യാസങ്ങൾ ചുവടെ തന്നിരിക്കുന്ന പട്ടികയിൽ ക്രോഡീകരിച്ചിരിക്കുന്നു.

| സാമ്പത്തികവളർച്ച | സാമ്പത്തികവികസനം |
|---|---|
| • ഉൽപ്പാദനത്തിലും വരുമാനത്തിലുമുള്ള വർധനവ്. | • ജീവിതഗുണനിലവാരത്തിൽ ഉണ്ടാകുന്ന ഉയർച്ച. |
| • ദേശീയവരുമാനത്തിലെ വളർച്ചയാണ് അളവുകോൽ. | • ഭൗതികജീവിതഗുണനിലവാര സൂചിക, മാനവവികസന സൂചിക എന്നിവയെ അളവുകോലാക്കുന്നു. |
| • സാമ്പത്തികവളർച്ച സംഖ്യാപരമായി സൂചിപ്പിക്കുന്നു. | • ഗുണപരമായ മാറ്റം സൂചിപ്പിക്കുന്നു. |
| • സാമ്പത്തികഘടകങ്ങൾക്ക് മാത്രം ഊന്നൽ നൽകുന്നു. | • സാമ്പത്തികവും സാമൂഹികവുമായ ഘടകങ്ങൾക്ക് ഊന്നൽ നൽകുന്നു. |
| • വളർച്ച ഹ്രസ്വകാലയളവിൽ സംഭവിക്കുന്നതാണ്. | • വികസനം ദീർഘകാലയളവുകൊണ്ട് സംഭവിക്കുന്നതാണ് |

pscnet.in


## ഇന്ത്യയിൽ വികസനം നേരിടുന്ന വെല്ലുവിളികൾ

ഇന്ത്യയിലെ വികസനം നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനമാണ് ദാരിദ്ര്യം (Poverty). പ്ലാനിംഗ് കമ്മിഷനുവേണ്ടി രംഗരാജൻ പാനൽ തയാറാക്കിയ കണക്കുപ്രകാരം ഇന്ത്യയിൽ 2011 – 12 ൽ 29.5% ആളുകൾ ദരിദ്രരാണ്. ദാരിദ്ര്യത്തെക്കൂടാതെ, നിരക്ഷരത, പോഷകാഹാരക്കുറവ്, കടുത്ത സാമ്പത്തികാസമത്വങ്ങൾ, പട്ടിണിമരണം, തൊഴിലില്ലായ്മ എന്നീ പ്രശ്നങ്ങൾ വികസ്വര – വികസിതരാജ്യങ്ങളിൽ നിലനിൽക്കുന്നുണ്ട്.

തൊഴിലില്ലായ്മയാണ് ഇന്ത്യ നേരിടുന്ന മറ്റൊരു വെല്ലുവിളി. കഴിഞ്ഞ 20 വർഷത്തിലധികമായി കാണുന്ന ഒരു പ്രവണത നമുക്ക് സാമ്പത്തികവളർച്ച 8 മുതൽ 9 ശതമാനം വരെ ഉണ്ടെങ്കിലും തൊഴിലിന്റെ (Employment) വളർച്ചനിരക്ക് ഒരു ശതമാനമോ അതിൽ താഴെയോ എന്നതാണ്. സാമ്പത്തികവളർച്ച പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നില്ലെന്നർഥം.



ഇന്ത്യയിൽ ദാരിദ്ര്യം നാം കണക്കാക്കുന്നത് കലോറി (Calorie intake) യുടെ അടിസ്ഥാനത്തിലാണ്. ഗ്രാമപ്രദേശത്ത് ദിവസം 2400 കലോറി ഊർജം പ്രദാനം ചെയ്യാൻ കഴിയുന്ന ആഹാരം ലഭിക്കാനുള്ള വരുമാനം ഇല്ലെങ്കിൽ ഒരു വ്യക്തി ദാരിദ്ര്യത്തിലാണ്. നഗരപ്രദേശത്താണെങ്കിൽ 2100 കലോറിയാണിത്. ഇന്ത്യയിലെ ഉത്തർപ്രദേശ്, ബിഹാർ, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഡ്, ഒഡിഷ എന്നീ സംസ്ഥാനങ്ങളിലെ 35 ശതമാനത്തിൽ കൂടുതൽ ജനങ്ങൾ ദാരിദ്ര്യത്തിലാണ്.

നമ്മുടെ വികസനം നേരിടുന്ന മറ്റൊരു പ്രശ്നമാണ് അസമത്വം (Inequality). അസമത്വം മൂന്നു തരത്തിലുണ്ട്.

- സമ്പത്തിലുള്ള അസമത്വം
- വരുമാനത്തിലുള്ള അസമത്വം
- ഭൂപ്രദേശങ്ങൾ തമ്മിലുള്ള അസമത്വം

ഈ മൂന്നു തരത്തിലുള്ള അസമത്വങ്ങളും ഇന്ത്യയിൽ വളരെ രൂക്ഷമാണ്. രാജ്യത്തിന്റെ മൊത്തം സമ്പത്തിലും രാജ്യത്ത് ലഭ്യമായ വരുമാനത്തിലും ജനങ്ങൾക്കുള്ള പങ്കിന്റെ അടിസ്ഥാനത്തിലാണ് യഥാക്രമം സമ്പത്തിലുള്ള അസമത്വവും വരുമാനത്തിലുള്ള അസമത്വവും കണക്കാക്കുന്നത്.

ഭൂപ്രദേശങ്ങൾ തമ്മിലുള്ള അസമത്വമാണ് മൂന്നാമത്തേത്. ഉദാഹരണത്തിന് മഹാനഗരങ്ങളിലെ ഭൂരിഭാഗം ആളുകൾക്ക് തൊഴിൽ, നല്ല ആശുപത്രികൾ, റോഡ്, ശുദ്ധമായ കുടിവെള്ളസൗകര്യം, യാത്രാസൗകര്യം, സ്കൂളുകൾ, കോളേജുകൾ, എന്നിവ ലഭ്യമാണ്. പക്ഷേ, ബിഹാർ, ഉത്തർപ്രദേശ്, ഒഡിഷ തുടങ്ങിയ സംസ്ഥാനങ്ങളുടെ ചില ഗ്രാമപ്രദേശങ്ങളിൽ ഇത്തരം സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. അവിടെ പട്ടിണിമരണം, തൊഴിലില്ലായ്മ, റോഡുകളുടെയും വാർത്താവിനിമയ സൗകര്യങ്ങളുടെയും അപര്യാപ്തത എന്നിവ നിലനിൽക്കുന്നു. ഇങ്ങനെ ചില പ്രദേശങ്ങൾ വികസനത്തിൽ

pscnet.in

മുൻപന്തിയിലും ചില പ്രദേശങ്ങൾ പിന്നാക്കവും നിൽക്കുന്ന അവസ്ഥയാണ് പ്രാദേശികമായ അസന്തുലിതാവസ്ഥ എന്നതുകൊണ്ട് അർഥമാക്കുന്നത്.

## സുസ്ഥിരവികസനം (Sustainable Development)







ഏതൊരു സമ്പദ്‌വ്യവസ്ഥയുടെയും മുഖ്യ ലക്ഷ്യം സാമ്പത്തികവികസനമാണെന്ന് മനസ്സിലായല്ലോ. സാമ്പത്തികവികസനത്തിലൂടെ നിരവധി മാറ്റങ്ങളാണ് നമുക്ക് ചുറ്റും ഉണ്ടാകുന്നത്. ഉദാഹരണത്തിന്,

- മികച്ച ഗതാഗതസൗകര്യങ്ങൾ ഉണ്ടാകുന്നു.
- നഗരവൽക്കരണം ത്വരിതപ്പെടുന്നു.
- വ്യവസായശാലകളുടെ എണ്ണം വർധിക്കുന്നു.
- 

ഇത്തരം മാറ്റങ്ങൾ മനുഷ്യജീവിതത്തിന്റെ ഗുണനിലവാരവും രാജ്യങ്ങളുടെ സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തും എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ മനുഷ്യന്റെ അനിയന്ത്രിതമായ ത്വര അടങ്ങുന്നില്ല. അത് വിഭവങ്ങൾ അമിതമായി ചൂഷണം ചെയ്യുന്നതിലേക്കും പ്രകൃതിയെ നശിപ്പിക്കുന്നതിലേക്കും മനുഷ്യനെ കൊണ്ടുചെന്നെത്തിക്കുന്നു. നഗരവൽക്കരണത്തിന്റെയും കൃഷിയുടെ വാണിജ്യവൽക്കരണത്തിന്റെയുമെല്ലാം ഫലമായി ഉണ്ടാകുന്ന ചില പ്രശ്നങ്ങളാണ് ചിത്രങ്ങളിൽ.

*ഈ ചിത്രങ്ങൾ നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യന്റെ വികസനത്വര പ്രകൃതിയിൽ എന്തെല്ലാം പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുന്നതെന്ന് കണ്ടെത്തുക. കൂടുതൽ കൂട്ടിച്ചേർക്കുക.*

സാമ്പത്തികവളർച്ച ലക്ഷ്യമിട്ട് മനുഷ്യൻ നടത്തുന്ന പ്രവർത്തനങ്ങൾ പലപ്പോഴും പ്രകൃതിവിഭവങ്ങളുടെ ശോഷണത്തിനും പരിസ്ഥിതിനാശത്തിനും ഇടയാക്കുന്നു. നമ്മുടെ നാട്ടിൽ പ്രതിദിനം ഉയരുന്ന കെട്ടിടങ്ങൾക്കും റോഡുകൾക്കുമായി പാറകളും കുന്നുകളും ക്രമാതീതമായി നിരപ്പാക്കുമ്പോൾ അത് മനുഷ്യരുടെ ജീവിതത്തെയും പ്രാദേശിക കാലാവസ്ഥയെയും ദോഷകരമായി ബാധിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ രാജ്യത്തിന്റെ സാമ്പത്തികവളർച്ച സാധ്യമാക്കുമെങ്കിലും ഒരു വിഭാഗം ജനങ്ങളുടെ ജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

pscnet.in


നമുക്കു വേണ്ടത് മാനവമുഖമുള്ള, പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കാത്ത ഒരു വികസനസമീപനമാണ്, അഥവാ സുസ്ഥിരവികസനമാണ്.

ഐക്യരാഷ്ട്ര സംഘടന നിയമിച്ച ബ്രണ്ട്ലാന്റ് കമ്മീഷൻ സുസ്ഥിരവികസനത്തെ നിർവചിച്ചത് ഇപ്രകാരമാണ്:

“വരുംതലമുറയ്ക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവിൽ കുറവുവരാതെ ഇന്നത്തെ തലമുറ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന സമീപനമാണ് സുസ്ഥിരവികസനം.”

പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുന്നതിൽ സാമൂഹികനീതി ഉറപ്പുവരുത്തുന്ന കാഴ്ചപ്പാടാണിത്.

പ്രകൃതിവിഭവങ്ങൾ ഒരു തലമുറയ്ക്ക് മാത്രം അനുഭവിക്കാനുള്ളതല്ല, വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ് എന്ന കാഴ്ചപ്പാടാണ് സുസ്ഥിരവികസനത്തിന്റെ കാതൽ. സുസ്ഥിരവികസനത്തിന് മൂന്ന് പ്രധാന ലക്ഷ്യങ്ങളുണ്ട്:

- പാരിസ്ഥിതികലക്ഷ്യങ്ങൾ
- സാമ്പത്തികലക്ഷ്യങ്ങൾ
- സാമൂഹികലക്ഷ്യങ്ങൾ

6F8HFG

നിങ്ങൾക്ക് ചുറ്റുമുള്ള പ്രകൃതിയെ നിരീക്ഷിക്കൂ. സുസ്ഥിരവികസനത്തിന് വിഘാതമാകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തൂ. താഴെ തന്നിട്ടുള്ള പട്ടിക വിപുലീകരിക്കൂ.

- വയൽ നികത്തൽ
- അമിതമായ രാസകീടനാശിനിപ്രയോഗം
- ശുദ്ധജലം മലിനമാക്കലും പാഴാക്കലും
- 
- 

മേൽസൂചിപ്പിച്ച നടപടികൾ സുസ്ഥിരവികസനത്തിന് തടസ്സമാണ്. പ്രകൃതിവിഭവങ്ങൾ വരുംതലമുറയ്ക്കുകൂടി ലഭ്യമാകത്തക്കവിധം സാമ്പത്തികവികസനം സാധ്യമാക്കാൻ വേണ്ട നിർദേശങ്ങൾ മുന്നോട്ടു വയ്ക്കാമോ?

- മഴവെള്ളം സംഭരിക്കുക.
- 
- 
- 
- 

NT-811-2-SOC. SCI.-II-9-M-VOL.2

pscnet.in





## വിലയിരുത്താം

- സാമ്പത്തികവളർച്ചയും സാമ്പത്തിക വികസനവും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.
- വികസനസൂചിക എന്ന നിലയിൽ പ്രതിശീർഷവരുമാനത്തിന്റെ പോരായ്മകൾ വിശദീകരിക്കുക.
- മാനവവികസനസൂചിക നിർണയിക്കുന്നതിൽ പരിഗണിക്കുന്ന ഘടകങ്ങൾ എഴുതുക.
- സുസ്ഥിരവികസനം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? സുസ്ഥിരവികസനം സാധ്യമാക്കാൻ ഉതകുന്ന നിർദേശങ്ങൾ എഴുതുക.
- ആധുനിക വികസനപ്രക്രിയ നേരിടുന്ന വെല്ലുവിളികൾ വിശദീകരിക്കുക.



## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യയുടെ സുസ്ഥിരവികസനത്തിന് തടസ്സം നിൽക്കുന്ന പ്രവർത്തനങ്ങൾ പത്രമാധ്യമങ്ങൾ, ഇന്റർനെറ്റ് എന്നിവയുടെ സഹായത്തോടെ കണ്ടെത്തി റിപ്പോർട്ട് തയാറാക്കുക.
- നിങ്ങളുടെ പ്രദേശത്തിന്റെ സാമ്പത്തികവികസനത്തിനു തടസ്സം നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തി പരിഹാരമാർഗങ്ങൾ തയാറാക്കുക.
- മാനവവികസനസൂചിക സംബന്ധിച്ച നിരവധി വസ്തുതകൾ പത്രങ്ങൾ, ഇന്റർനെറ്റ് തുടങ്ങിയ ഉറവിടങ്ങളിൽ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും. ലഭ്യമായ വിവരങ്ങൾ ഉപയോഗിച്ച് ഇന്ത്യയുടെ മാനവവികസന സൂചികാമൂല്യം, വിവിധ വർഷങ്ങളിലെ റാങ്ക്, കഴിഞ്ഞ അഞ്ചു വർഷത്തിലുണ്ടായിട്ടുള്ള മാറ്റങ്ങൾ എന്നിവ ശേഖരിക്കുക.

pscnet.in



# 7

# സുരക്ഷിതമായ നാളെയ്ക്ക്

"എന്തൊരു മഴ! സന്ധ്യക്കു തുടങ്ങി പുലരും വരെ തുടർന്നു. കാർമേഘങ്ങൾ കൂട്ടത്തോടെ ആകാശത്തു മദിച്ചു നടന്നു. കുന്നുകളുടെയും വനനിരകളുടെയും മുഖങ്ങൾ കറുത്തു.

ബ്രഹ്മഗിരിയുടെ ഉച്ചിയിൽ കാവൽ നിന്നിരുന്ന ഒറ്റപ്പെട്ട വൃക്ഷങ്ങൾ രാക്ഷസാകാരം പൂണ്ടു. കാറ്റിന്റെ ബന്ധനങ്ങൾ പൊട്ടിത്തെറിച്ചു. അവ കാർമേഘങ്ങളെ അടിച്ചുടച്ചു തരിപ്പണമാക്കി. വാരിയെറിയപ്പെട്ട ചരൽക്കല്ലുകൾപോലെ, മഞ്ഞുകട്ടകൾ ചിതറിത്തെറിച്ചു.

പൂവിട്ടു തുടങ്ങിയിരുന്ന വെള്ളരിയും മത്തനും കുമ്പളവള്ളികളുമെല്ലാം അമ്പേ തകർന്നു....

ഇതാണ് വയനാടിന്റെ ഗതി. കായ്കറികളുടെ കഴുത്ത് ഒന്നു നീളുമ്പോഴേക്കും വരും, ഒരു മഴ! ആലിപ്പഴം വീണു സർവതും മണ്ണടിയും. അല്ലെങ്കിൽ നശിച്ച കാറ്റ്! ഒറ്റ വാഴത്തൈ ശേഷിക്കില്ല.

വനഹൃദയങ്ങളിൽനിന്ന് ഒഴുകിവരുന്ന വളക്കൂറുള്ള കറുത്ത പുതുവെള്ളം വളപ്പുകളിലൂടെ, വയലുകളിലൂടെ കുത്തിയൊഴുകി താഴെ ബാവലിയിലൂടെ നാട്ടിൽനിന്നു കടന്നുപോകുന്നു".

– നെല്ല്, പി. വത്സല

വയനാടൻ പരിസ്ഥിതിയെക്കുറിച്ച് നോവലിസ്റ്റ് വിവരിക്കുന്നത് ഇങ്ങനെയാണ്.

pscnet.in

പുതുമണ്ണുതേടിപ്പോയ മുൻതലമുറയുടെ അധ്വാനത്തിന്റെയും ത്യാഗത്തിന്റെയും കഥകൾ പറയുന്ന കാസർകോടിന്റെ കിഴക്കൻ പ്രദേശങ്ങളായ എല്ലുകോച്ചി, രാജപുരം, റാണിപുരം, കണ്ണൂരിന്റെ മലമ്പ്രദേശങ്ങളായ ഇരിട്ടി, പേരാവൂർ, ആറളം, ഇടുക്കിയിലെ കട്ടപ്പന, നെടുങ്കണ്ടം, ഉടുമ്പഞ്ചോല എന്നിവിടങ്ങളിലൊക്കെ ഏതാണ്ടിതുപോലെ തണുപ്പും കോടമഞ്ഞും പൊതിഞ്ഞുനിൽക്കുന്ന പരിസ്ഥിതിയാണുള്ളത്. തേയില, സുഗന്ധവിളകൾ എന്നിവ വ്യാപകമായി കൃഷിചെയ്യുന്ന മേഖലയാണിവിടം.

കാലാവസ്ഥ, ഭൂപ്രകൃതി, മണ്ണ്, കൃഷി, സസ്യജന്തുജാലങ്ങൾ എന്നിവ മാത്രമല്ല, മനുഷ്യനും പരിസ്ഥിതിയുടെ ഭാഗമാണ്.


പ്രകൃതിയിലെ ജൈവികവും അജൈവികവുമായ എല്ലാ ഘടകങ്ങളും ചേർന്നതാണ് പരിസ്ഥിതി എന്നു നിങ്ങൾ മുൻക്ലാസുകളിൽ പഠിച്ചിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രദേശങ്ങളിലെ ജനജീവിതത്തിൽ പരിസ്ഥിതി എന്തു സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്?

- തണുപ്പുള്ള കാലാവസ്ഥ പ്രദാനം ചെയ്യുന്നു.
- കൃഷിചെയ്യാൻ കഴിയുന്ന വിളകൾ ഏതൊക്കെ എന്നു നിശ്ചയിക്കുന്നു.

കാടും മേടും തെളിച്ച് വന്യജീവികളുടെ ആക്രമണത്തെയും മലമ്പനി തുടങ്ങിയ രോഗങ്ങളെയും നേരിട്ട് മണ്ണിൽ പൊന്നുവിളയിച്ച ഒരു കൂട്ടം മനുഷ്യരുടെ കഥ ആവേശം ജനിപ്പിക്കുന്നതാണ്. മനുഷ്യൻ പരിസ്ഥിതിയുമായി ഇണങ്ങി ജീവിക്കുന്നതിന്റെ ഭാഗമായി ചുറ്റുപാടുകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്?

- ദുർഘടമായ ഭൂപ്രകൃതിയിലൂടെ റോഡുകൾ നിർമിച്ചു.
- കുന്നിൻചരിവുകളെ തട്ടുകളാക്കി കൃഷിയിറക്കി.
- സാധ്യമായ ഇടങ്ങളിൽ വീടുകൾ നിർമിച്ചു.



pscnet.in


## പരിസ്ഥിതിയിലെ വൈവിധ്യങ്ങൾ

6FHDH4

ഭൂമിയിൽ എല്ലായിടത്തെയും പരിസ്ഥിതി ഒരുപോലെയാണോ? ചുവടെ നൽകിയ ചിത്രങ്ങൾ പരിശോധിക്കൂ.

പൊടിപറത്തിക്കൊണ്ട് നിരന്തരം മണൽക്കാറ്റു വീശുന്ന വരണ്ട മരുഭൂമികളിലെ (ചിത്രം 7.1) ജനജീവിതം എങ്ങനെയാണ്? അറേബ്യൻ മരുപ്രദേശങ്ങളിലെ ജനങ്ങളുടെ വസ്ത്രധാരണരീതിക്ക് ആ പ്രദേശത്തെ കാലാവസ്ഥയുമായി ഏറെ ബന്ധമുണ്ട്. ജലലഭ്യത നന്നേ കുറവായിരുന്നതിനാൽ ഇവിടെ കൃഷി പൊതുവെ കുറവാണ്. എങ്കിലും ഇവിടം ഇന്ന് ഏറെ ജനസാന്ദ്രമാണ്; സമ്പന്നവും. പെട്രോളിയം നിക്ഷേപങ്ങളുടെ സാന്നിധ്യമാണ് ഇതിനു കാരണം.



ചിത്രം - 7.1



ചിത്രം - 7.2



ചിത്രം - 7.3

സമുദ്രനിരപ്പിനും താഴെ സ്ഥിതിചെയ്യുന്ന കരപ്രദേശങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ടോ? നമ്മുടെ കുട്ടനാട് (ചിത്രം 7.2) അതിനുദാഹരണമാണ്. ലോകത്തുതന്നെ അത്യപൂർവമാണ് നമ്മുടെ കുട്ടനാടിന്റേതുപോലുള്ള ഭൂപ്രകൃതി. കായലുകൾക്കും മറ്റു വെള്ളക്കെട്ടുകൾക്കും ഇടയിൽ ജീവിക്കുന്ന ഇവിടത്തെ ജനങ്ങൾ അത്യധ്വാനത്തിലൂടെ ചെളികോരി ഉയർത്തിയെടുത്ത നിലങ്ങൾ. നെല്ലും തെങ്ങും താറാവുവളർത്തലുമൊക്കെയായി ഒരു സവിശേഷ ജീവിതമാണിവിടെ ജനങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ഇവിടത്തെ ഭൂമിശാസ്ത്രസാഹചര്യങ്ങളോടിണങ്ങിയുള്ള ഇവരുടെ ജീവിതമേഖലയിൽ ഇന്ന് വിനോദസഞ്ചാരവും ഒരു പ്രധാന പ്രവർത്തനമാണ്.

മഞ്ഞുറഞ്ഞ സൈബീരിയൻ മേഖലയുടെ ചിത്രം (ചിത്രം 7.3) കണ്ടില്ലേ. പരിമിതമായ വിഭവങ്ങളും കഠിനമായ കാലാവസ്ഥയുമാണ് ഇവിടെ ജനജീവിതത്തിന് തടസ്സമായി നിൽക്കുന്നത്. എന്നാൽ അവിടെയും ജനങ്ങൾ വസിക്കുന്നുണ്ട്. ഓരോ പ്രദേശത്തെയും സാഹചര്യങ്ങൾക്കനുസൃതമായി മനുഷ്യർ അവരുടെ ജീവിതവും ക്രമപ്പെടുത്തിയിരിക്കുന്നു എന്ന് ഈ ഉദാഹരണങ്ങളിലൂടെ നിങ്ങൾക്ക് ബോധ്യമായിട്ടുണ്ടാകും.

എന്നാൽ അമിതവിഭവചൂഷണവും അശാസ്ത്രീയമായ ഇടപെടലുകളും പ്രകൃതിയുടെ സന്തുലനം തെറ്റാൻ ഇടയാക്കും.

pscnet.in



*മേൽപ്പറഞ്ഞ പരിസ്ഥിതികളിലെ വിവിധ ഉപഭോഗവുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങളാണ് താഴെ നൽകിയിട്ടുള്ളത്. ഇവ സംബന്ധിച്ച് നിങ്ങളുടെ നിഗമനങ്ങൾ രേഖപ്പെടുത്തൂ.*

*അമിതചൂഷണം നിമിത്തം അറേബ്യൻ മേഖലയിലെ പെട്രോളിയം തീർന്നുപോയാലോ?*

*കുട്ടനാടൻ പരിസ്ഥിതിയുടെ ലോലമായ സന്തുലനം അമിതമായ മലിനീകരണം മൂലം ഇന്ന് തകർച്ചയുടെ വക്കിലാണ്. ഇത് എന്തൊക്കെ പ്രത്യാഘാതങ്ങളായിരിക്കും ഉണ്ടാക്കുക?*

*എന്തൊക്കെയാണ് സൈബീരിയൻ മേഖലയിൽ ജീവിതത്തിനായി ജനങ്ങൾ സ്വീകരിച്ചിട്ടുള്ള മാർഗങ്ങൾ?*

## പരിസ്ഥിതിസംരക്ഷണം എന്ത്? എന്തിന്?

ഭൂമിയിലെ നിരവധിയായ ജീവജാലങ്ങളിൽ ഒന്നുമാത്രമാണ് മനുഷ്യൻ. നിലനിൽപ്പിനായി മറ്റു ജീവജാലങ്ങളെ ഇത്രയേറെ ആശ്രയിക്കുന്ന മറ്റൊരു ജീവിയും ഭൂമുഖത്തില്ല. ആഹാരം, വസ്ത്രം, പാർപ്പിടം, ഔഷധം, ഇന്ധനം എന്നിവയൊക്കെ നമുക്ക് പ്രദാനം ചെയ്യുന്നത് പ്രകൃതിയിലെ സസ്യജന്തുജാലങ്ങളാണ്. നിലനിൽപ്പിന് വായുവും വെള്ളവും എന്നതുപോലെ മണ്ണും പ്രധാനമാണ്. ആവാസവ്യവസ്ഥ, ഭക്ഷ്യശൃംഖല എന്നിവയെക്കുറിച്ചൊക്കെ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. നിരന്തരം നടക്കുന്ന പ്രകൃതിയിലെ പരിണാമപ്രക്രിയയിലെ ഒടുവിലത്തെ കണ്ണിയാണ് മനുഷ്യൻ. തന്റെ നിലനിൽപ്പിനെ മാത്രം മുന്നിൽ കണ്ടുകൊണ്ട് മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന ഇടപെടലുകൾ വിപരീതഫലമാണ് ഉണ്ടാക്കുക. പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് കോട്ടംതട്ടാതെ ഇടപെടുക എന്നതാണ് പരിസ്ഥിതി സംരക്ഷണത്തിനായി സ്വീകരിക്കേണ്ട ഒരു മാർഗം. മനുഷ്യരാശിയുടെ മാത്രമല്ല, സകല ജീവജാലങ്ങളുടെയും ആരോഗ്യപൂർണമായ നിലനിൽപ്പിന് പരിസ്ഥിതിയെയും അതിന്റെ വൈവിധ്യത്തെയും സംരക്ഷിച്ചേ മതിയാവൂ.




### തല്ലും തലോടലുമേറ്റ്...

വിസ്മയകരമാണ് ഋതുഭേദങ്ങളുടെ ഘോഷയാത്ര. ഇടിയും മിന്നലും അകമ്പടിയായെത്തുന്ന മഴക്കാലം, ചിലയിടങ്ങളിൽ മഞ്ഞുവീഴ്ച... നിലയ്ക്കാതെ കാറ്റുവീശുന്ന ഇടങ്ങൾ - ഇളംകാറ്റു മുതൽ സർവവും തൂത്തെറിയുന്ന ചുഴലിക്കാറ്റു വരെ. മലമ്പ്രദേശങ്ങളിൽ മഴക്കാലത്ത് ഉരുൾപൊട്ടലുണ്ടാകുന്നു; താഴ്ന്ന ഇടങ്ങളിൽ വെള്ളപ്പൊക്കവും. പ്രകൃതിപ്രതിഭാസങ്ങൾ ചിലപ്പോഴൊക്കെ വിനാശകാരികളാകാറുണ്ട്.

ജീവനും സ്വത്തിനും പരിസ്ഥിതിക്കും അപായകരമായേക്കാവുന്ന പ്രകൃതിദത്ത പ്രതിഭാസങ്ങൾ പ്രകൃതിക്ഷോഭങ്ങൾ എന്നറിയപ്പെടുന്നു (Natural hazards).

ചില പ്രകൃതിപ്രതിഭാസങ്ങളുടെ പേരുകളാണ് ബോർഡിൽ നൽകിയിട്ടുള്ളത്. ഇവയിൽ പ്രകൃതിക്ഷോഭങ്ങൾ ഏതൊക്കെ എന്നു കണ്ടെത്തൂ.

## പ്രകൃതിക്ഷോഭങ്ങൾ ദുരന്തങ്ങളാകുമ്പോൾ


ചിത്രം (7.4) നിരീക്ഷിക്കൂ.

കനത്തമഴയിൽ ഉരുൾപൊട്ടൽ സാധ്യതയുള്ള രണ്ടു പ്രദേശങ്ങളാണ് ചിത്രത്തിൽ നിങ്ങൾ കാണുന്നത്. ഉരുൾപൊട്ടലുണ്ടായാൽ ഇതിൽ ഏതു പ്രദേശത്താണ് അത് ദുരന്തമായി മാറാൻ സാധ്യതയുള്ളത്? എന്തുകൊണ്ട്?

പലപ്പോഴും പ്രകൃതിക്ഷോഭങ്ങൾ മനുഷ്യരെ ബാധിക്കാറില്ല.

മനുഷ്യന് അപായകരമായി മാറുമ്പോഴാണ് അവ ദുരന്തമായി മാറുന്നത്. അന്റാർട്ടിക്കയിൽ ഒരു മഞ്ഞുമല ഇടിഞ്ഞാലോ ജനവാസമില്ലാത്ത മരുഭൂമിയിൽ ഭൂകമ്പമുണ്ടായാലോ അത് ദുരന്തമായി പരിഗണിക്കാറില്ല, അവ എത്ര കനത്തതായാലും. എന്നാൽ ജനനിബിഡമായ ഒരു താഴ്വരയിലാണ് അത്തരമൊരു പ്രതിഭാസമുണ്ടാകുന്നതെങ്കിൽ അത് ദുരന്തമാകും.

പ്രകൃതിദത്തമായ കാരണങ്ങളാൽ ഉണ്ടാകുന്ന ദുരന്തങ്ങളാണ് പ്രകൃതിദുരന്തങ്ങൾ (Natural disasters).



ചിത്രം - 7.4

## ഇന്ത്യയിലെ പ്രകൃതിദുരന്തങ്ങൾ

ഇന്ത്യയിൽ എല്ലാ വർഷവും നിരവധിയാളുകൾ പ്രകൃതിദുരന്തങ്ങളിൽപ്പെട്ട് മരിക്കുകയോ ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്യുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

ഇന്ത്യയിൽ അനുഭവപ്പെടുന്ന പ്രകൃതിദുരന്തങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

- ചുഴലിക്കാറ്റ്
- ഭൂകമ്പം
- ഉരുൾപൊട്ടൽ
- ആലിപ്പഴവർഷം
- വരൾച്ച
- ഇടിമിന്നൽ
- സുനാമി
- വെള്ളപ്പൊക്കം
- ഹിമപാതം
- ഹിമാഘാതം

*അവലംബം : ഭാരതസർക്കാർ ആഭ്യന്തരമന്ത്രാലയം*

pscnet.in

## പ്രകൃതിദുരന്തസാധ്യതകൾ കേരളത്തിൽ

കേരളത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ച് മുൻക്ലാസുകളിൽ പഠിച്ചത് ഓർമ യുണ്ടല്ലോ. ചാഞ്ഞുനിൽക്കുന്ന തെങ്ങിൻതലപ്പുകൾ അതിരിടുന്ന കായൽപ്പരപ്പ്... ഇടനാട്ടിലെ സമൃദ്ധമായ പച്ചപ്പ്... അൽപ്പം കിഴക്കുമാറി സുഖശീതളമായ കാലാവസ്ഥയുമായി മലമടക്കുകൾ. ലോകപ്രശസ്തമാണ് കേരളത്തിന്റെ പ്രകൃതിഭംഗി. എന്നാൽ പ്രകൃതിയുടെ ഈ സുന്ദരമായ മുഖം ഇടയ്ക്കൊക്കെ രൗദ്രമാകാറുണ്ട്. അപ്പോഴൊക്കെ നാശനഷ്ടങ്ങളും ഉണ്ടാകുന്നു. കേരളവും ചില പ്രകൃതിദുരന്തങ്ങൾക്ക് സാധ്യതയുള്ള സംസ്ഥാനമാണ്.



*കേരളത്തിൽ നാശം വിതയ്ക്കുന്ന പ്രകൃതിദുരന്തങ്ങൾ ഏതൊക്കെ യെന്ന് അന്വേഷണങ്ങളിലൂടെ കണ്ടെത്തൂ.*

- *കേരളത്തിൽ ഏറ്റവും വ്യാപകമായ പ്രകൃതിദുരന്തം ഏതാണ്?*
- *കേരളത്തിൽ ഉരുൾപൊട്ടലുകൾ ഏറ്റവും കൂടുതൽ അനുഭവപ്പെടു ന്നത് ഏതു ഭൂപ്രകൃതിയിലാണ്? എന്തുകൊണ്ട്? ചുവടെ നൽകിയി ട്ടുള്ള സൂചനകളെ അടിസ്ഥാനമാക്കി ക്ലാസിൽ ചർച്ചചെയ്ത് നിഗ മനങ്ങൾ രൂപപ്പെടുത്തൂ.*
  - *ഭൂപ്രകൃതി*
  - *മഴ*

## ഉരുൾപൊട്ടിയൊഴുകുന്ന ദുരന്തം

കേരളത്തിൽ ഏറ്റവും കൂടുതൽ ഭീഷണിയുയർത്തുന്ന ദുരന്തമാണ് ഉരുൾപൊട്ടൽ. കാലവർഷമേഘ ങ്ങൾ കേരളത്തിനു മുകളിൽ ഉരു ണ്ടുകൂടുന്നതോടെ കിഴക്കൻ മല യോരത്തിലെ ചില പ്രദേശങ്ങൾ ഉരുൾപൊട്ടൽ ഭീഷണിയുടെ നിഴ ലിലാകുന്നു. ഇക്കാലത്ത് ഇടനാ ട്ടിലും അങ്ങിങ്ങ് മലയിടിച്ചിലുണ്ടാ കാറുണ്ട്.



ചിത്രം - 7.5

നൽകിയിട്ടുള്ള ചിത്രം (ചിത്രം 7.5) നിരീക്ഷിക്കൂ.

അടുത്തിടെ കോഴിക്കോട് ജില്ല യിലെ പുല്ലൂരാംപാറയിൽ ഉണ്ടായ ഉരുൾപൊട്ടലിന്റെ ചിത്രമാണിത്.

എന്തൊക്കെ വിവരങ്ങൾ ഈ ചിത്രത്തിൽ നിന്നു നിങ്ങൾക്ക് തിരിച്ചറിയാൻ കഴിഞ്ഞു?

-
-

“എല്ലാവരും നല്ല ഉറക്കത്തിലായിരുന്നു. കാതടപ്പിക്കുന്ന ഇടിമുഴക്കം പോലുള്ള ശബ്ദം കേട്ട് ഉണർന്നു. അപ്പോഴേക്കും എല്ലാം കഴിഞ്ഞിരുന്നു... വീടിന്റെ ഒരു ചുമരും ഞാനും മാത്രമാണവശേഷിച്ചത്. ഉറ്റവരും ഉടയവരും എല്ലാം ഒലിച്ചുപോയി... എന്നെന്നേയ്ക്കുമായി...”

ഉരുൾപൊട്ടൽ ദുരന്തത്തിനിരയായ ഒരാളുടെ അനുഭവമാണ് നിങ്ങൾ വായിച്ചത്. എല്ലാ ഉരുൾപൊട്ടലുകൾക്കും ഇതുപോലെ എത്രയെങ്കിലും മനുഷ്യരുടെ ദുരന്തങ്ങൾ പറയാനുണ്ടാകും.

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി എന്ന സ്ഥലത്തുണ്ടായ ഉരുൾപൊട്ടലിനേക്കാൾ വിസ്തൃതമായ പ്രദേശത്തായിരുന്നു കോഴിക്കോട് ജില്ലയിലെ പുല്ലൂരാംപാറയിൽ ഉരുൾപൊട്ടലുണ്ടായത്. ഏഴു പേരാണ് അവിടെ മരണപ്പെട്ടത്. അമ്പൂരിയിൽ 39 പേരും. മലമ്പ്രദേശങ്ങളിലെ ജനസാന്ദ്രത അപകടതീവ്രത വർധിപ്പിക്കുന്ന ഒരു ഘടകമാണ്.



*പൊതുവേ 20° യിൽ കൂടുതൽ ചരിവുള്ള ഇടങ്ങളാണ് ഉരുൾപൊട്ടൽ സാധ്യതയുള്ളതായി ഭൗമശാസ്ത്രപഠനകേന്ദ്രം കണ്ടെത്തിയിട്ടുള്ളത്.*


## എന്താണ് ഉരുൾപൊട്ടൽ?

ചരിവു കൂടുതലുള്ള പ്രദേശങ്ങളിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ അതിശക്തമായി മഴപെയ്യുമ്പോൾ ധാരാളം ജലം മണ്ണിലേക്ക് ആഴ്ന്നിറങ്ങും. ഇത് മണ്ണിലെ സുഷിരങ്ങളിൽ കനത്ത സമ്മർദ്ദം ചെലുത്തും. ഇളകിയ പാറയുടെയും മറ്റും അടിയിലെ മണ്ണ് വെള്ളത്തിന്റെ തള്ളൽ മൂലം താഴേക്കു നീങ്ങാൻ ഇടയാക്കും. ഭൂഗുരുത്വം മൂലം ആ ഭാഗം ഒന്നാകെയോ ഭാഗികമായോ വൻശബ്ദത്തോടെ ഇടിഞ്ഞുവീഴുന്നതിന് ഇതു കാരണമാകുന്നു. ഈ പ്രതിഭാസമാണ് ഉരുൾപൊട്ടൽ. മണ്ണിൽ സംഭരിക്കപ്പെട്ട ജലം ഇതേത്തുടർന്ന് വൻ ചാലുകളായി ഒഴുകാൻ തുടങ്ങും. ഈ നീരൊഴുക്ക് മിക്കപ്പോഴും ഏതാനും ദിവസങ്ങൾ കഴിയുമ്പോഴേക്കും അവസാനിക്കും. എന്നാൽ ചില അവസരങ്ങളിൽ ഇത് സ്ഥിരം നീർച്ചാലായി മാറാറുമുണ്ട്. മലപ്രദേശങ്ങളിലെ നീർച്ചാലുകളിൽ പലതും ഇങ്ങനെ രൂപം കൊള്ളുന്നവയാണ്. നീർച്ചാലുകളുടെ നിരന്തര അപരദനത്തിന്റെ ഫലമായി ഉണ്ടാകുന്ന താഴ്വരകൾ കാലാന്തരത്തിൽ വലുതാകും. ഇത്തര

6FR9IR

pscnet.in






ചിത്രം - 7.6

ത്തിൽ ഭൂപ്രദേശങ്ങളുടെ പരിണാമപ്രക്രിയയുടെ ഭാഗമാണ് നീർച്ചാലുകളുടെ രൂപംകൊള്ളൽ എന്നു ശാസ്ത്രലോകം കരുതുന്നു.

പലപ്പോഴും പ്രകൃതിയിൽ മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലുകളും ഉരുൾപൊട്ടലുകൾക്കു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

ചുവടെ ചേർത്തിട്ടുള്ള ചിത്രങ്ങൾ (ചിത്രം 7.6) നിരീക്ഷിക്കൂ.

അൻപതു വർഷം കൊണ്ട് ഒരു പ്രദേശത്തിനുണ്ടായ മാറ്റങ്ങളാണ് ഈ ചിത്രങ്ങളിൽനിന്നു വ്യക്തമാകുന്നത്.

*എന്തൊക്കെ മാറ്റങ്ങളാണ് ഈ പ്രദേശത്ത് നിങ്ങൾക്ക് കണ്ടെത്താൻ കഴിഞ്ഞത്?*

- *ജനസംഖ്യ വർധിച്ചു.*
-
-

6G15KE

വനനശീകരണം, കുന്നിൻചരിവുകളിൽ നാം നടത്തുന്ന അശാസ്ത്രീയമായ പ്രവർത്തനങ്ങൾ എന്നിവ ചരിവുകളെ ദുർബലമാക്കുന്നവയാണ്. എന്തൊക്കെയാണ് കുന്നിൻപ്രദേശങ്ങളിലെ അശാസ്ത്രീയമായ പ്രവർത്തനങ്ങൾ?

- കുന്നിന്റെ വശങ്ങൾ ഇടിച്ച് മണ്ണെടുക്കൽ.
- കുത്തനെ ചരിവുള്ള ഇടങ്ങളിൽ മണ്ണിന് ഇളക്കം തട്ടുന്ന വിളകൾ കൃഷിചെയ്യൽ.
- ചരിവു കൂടുതലുള്ള ഇടങ്ങളിൽ വീടുകളും മറ്റു കെട്ടിടങ്ങളും നിർമിക്കൽ.

മനുഷ്യന്റെ ഇത്തരം പ്രവർത്തനങ്ങൾ ഉരുൾപൊട്ടൽ സാധ്യത വർധിപ്പിക്കുന്നു.

സ്ഥലപരിമിതി എന്നത് കേരളം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിലൊന്നാണ്. കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 30 ശതമാനത്തിലധികവും ചരിവു കൂടിയ പ്രദേശങ്ങളാണുതാനും. അതുകൊണ്ടുതന്നെ ഭൂവിനിയോഗം ശാസ്ത്രീയമായിരിക്കേണ്ടത് അത്യാവശ്യമാണ്.

pscnet.in


## ശാസ്ത്രീയമായ ഭൂവിനിയോഗരീതികൾ

6GA1M2

- കുന്നിൻചരിവുകളെ തട്ടുകളാക്കി ചരിവിന്റെ അളവ് കുറയ്ക്കുക.
- മലമ്പ്രദേശങ്ങളിലെ സ്വാഭാവിക നീർച്ചാലുകൾക്ക് തടസ്സമുണ്ടാക്കാതിരിക്കുക.
- ചരിവ് കൂടുതലുള്ള ഇടങ്ങളിൽ നിർമാണപ്രവർത്തനങ്ങൾ ഒഴിവാക്കുക.

*2015 ഏപ്രിൽ 25. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം 11.41. മാസങ്ങളോളം നീണ്ട തണുപ്പിനുശേഷമെത്തിയ വേനലിന്റെ ഇളംചൂടിൽ ആലസ്യം വിട്ട് ബസ്മതിപ്പാടങ്ങളിലും തേയിലത്തോട്ടങ്ങളിലും തെരുവുകളിലെ പണിശാലകളിലും ജോലികളിൽ മുഴുകിയിരിക്കുകയായിരുന്നു ബാർപാക് ഗ്രാമവാസികളിൽ മിക്കവരും.*

*പൊടുന്നനെയാണതു സംഭവിച്ചത്!*

*ഭൂതലമൊന്നാകെ കുലുങ്ങിവിറച്ചു. കൊടുങ്കാറ്റിലകപ്പെട്ട വഞ്ചികൾ പോലെ കെട്ടിടങ്ങൾ ആടിയുലഞ്ഞു, പിന്നെ ചീട്ടുകൊട്ടാരം പോലെ നിലംപൊത്തി. പാലങ്ങൾ, വൈദ്യുതിത്തൂണുകൾ... ഒക്കെ ഒടിഞ്ഞു മടങ്ങി നിലത്തു തലയും കുത്തിനിന്നു... നൂറ്റാണ്ടുകൾക്കു മുൻപ് പടുത്തുയർത്തിയ മന്ദിരങ്ങൾക്കും രക്ഷയുണ്ടായില്ല.*

ഒരു ഭൂകമ്പവും അതുണ്ടാക്കിയ നാശനഷ്ടങ്ങളുമാണ് നിങ്ങൾ വായിച്ചത്. ഈ സംഭവം നടന്ന് 24 മണിക്കൂറിനുള്ളിൽ 40 തവണയാണ് തുടർചലനങ്ങളുണ്ടായത്. അപ്പോഴേക്കും കാഠ്മണ്ഡു പട്ടണത്തിന് 200 കി.മീ. ചുറ്റളവിൽ കനത്ത നാശനഷ്ടങ്ങൾ ഉണ്ടായിക്കഴിഞ്ഞിരുന്നു. പതിനായിരത്തിലധികം മനുഷ്യർ മരണമടഞ്ഞ ആ ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം 28°15′ വടക്ക്, 84°7′ കിഴക്ക് എന്നീ അക്ഷാംശരേഖാംശങ്ങൾ കൂടിച്ചേരുന്നിടത്തുനിന്നു 30 കി.മീ. താഴെയാണെന്നാണ് ഭൗമശാസ്ത്രജ്ഞർ കണ്ടെത്തിയത്.

*അറ്റ്ലസ് നിരീക്ഷിച്ച് മേൽപ്പറഞ്ഞ പ്രഭവകേന്ദ്രം കണ്ടെത്തൂ.*



ഭൂകമ്പം ഏറെ നാശനഷ്ടങ്ങൾ വിതച്ച നേപ്പാളിന്റെ ദൃശ്യമാണ് ചിത്രത്തിൽ (ചിത്രം 7.7).

6GIWNP

നേപ്പാളിലെ ഭൂകമ്പത്തെക്കുറിച്ച് നൽകിയിട്ടുള്ള ലഘുവിവരണം വായിച്ചല്ലോ. അനേകം മനുഷ്യരുടെ ദുരിതകഥയാണ് ഓരോ ഭൂകമ്പത്തിനും പറയാനുണ്ടാവുക.

pscnet.in





ചിത്രം 7.7

എന്താണ് ഭൂകമ്പം, സ്ഥിരമായി ഭൂകമ്പങ്ങൾ ഉണ്ടാകുന്ന മേഖലകൾ, അവ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്നിവയൊക്കെ മുൻ അധ്യായത്തിൽ നിങ്ങൾ പഠിച്ചത് ഓർക്കുമല്ലോ.

## ഇന്ത്യയിലെ ഭൂകമ്പദുരന്ത തീവ്രത

ഇന്ത്യയിലെ ഭൂകമ്പദുരന്ത തീവ്രതയുടെ തോത് സൂചിപ്പിക്കുന്ന ഭൂപടം കാണൂ.




ചിത്രം – 7.8 *അവലംബം : എൻ.സി.ഇ.ആർ.ടി. പാഠപുസ്തകം, ക്ലാസ് XI*

pscnet.in


*ഭൂപടം നിരീക്ഷിച്ച് ചുവടെ നൽകിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ.*

- ഭൂകമ്പദുരന്ത തീവ്രത ഏറ്റവും കൂടുതലുള്ള മേഖലയിൽ ഉൾപ്പെടുന്ന സംസ്ഥാനങ്ങൾ/പ്രദേശങ്ങൾ ഏതൊക്കെ?
- കേരളത്തിൽ ഭൂകമ്പദുരന്ത തീവ്രത എത്രമാത്രമുണ്ട്?
- ഭൂകമ്പദുരന്ത തീവ്രത ഏറ്റവും കുറവായ സംസ്ഥാനങ്ങൾ/പ്രദേശങ്ങൾ ഏതൊക്കെ?

## ഭൂകമ്പദുരന്ത തീവ്രത കേരളത്തിൽ

കേരളവും ഭൂകമ്പദുരന്തസാധ്യതയിൽ നിന്നു മുക്തമല്ല എന്നാണ് ഭൂപടം സൂചിപ്പിക്കുന്നത്. സമീപകാലത്തായി കേരളത്തിൽ ഭൂകമ്പങ്ങൾ മൂലമുള്ള അപകടസാധ്യത വർധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തെ സാമാന്യം ദുരന്തതീവ്രതയുള്ള മേഖലയായാണ് പരിഗണിക്കുന്നത്.

നാം കരുതലോടെ ഇരിക്കണമെന്നർഥം. ഭൂകമ്പസാധ്യതയുള്ള ഇടങ്ങളിൽ വലിയ കെട്ടിടങ്ങൾ നിർമിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## മുൻകരുതലുകൾ

ഭൂകമ്പം തടയുക സാധ്യമല്ല. പക്ഷേ, ശാസ്ത്രീയമായ നടപടികളിലൂടെ നാശനഷ്ടങ്ങളുടെ തീവ്രത കുറയ്ക്കാൻ കഴിയും. ചിത്രം (7.7) നിരീക്ഷിക്കൂ. നാശനഷ്ടങ്ങൾ ഇത്രയധികമാകാൻ കാരണം കെട്ടിടങ്ങൾക്ക് ഭൂകമ്പ ആഘാതം താങ്ങാൻ കഴിയാഞ്ഞതുകൊണ്ടാണ്. ഭൂകമ്പത്തിൽ ഏറ്റവും കൂടുതലായി ആളുകൾ മരിക്കുന്നതും പരിക്കേൽക്കുന്നതും തകർന്നു വീഴുന്ന കെട്ടിടങ്ങൾക്കിടയിൽ പെട്ടാണ്. അതിനാൽ,

- ഭൂകമ്പത്തെ പ്രതിരോധിക്കാൻ കഴിയുന്ന കെട്ടിടനിർമാണരീതികൾ അവലംബിക്കുക.
- താരതമ്യേന ഭാരം കുറഞ്ഞ മേൽക്കൂരകളാണ് കൂടുതൽ സുരക്ഷിതം.
- 

## വെള്ളപ്പൊക്കഭീഷണിയും...

സഹ്യപർവതത്തിന്റെ ചരിവുകളിൽനിന്ന് ഉദ്ഭവിച്ചൊഴുകുന്ന 44 നദികളുടെ നാടാണ് കേരളം. ഇവ

### അടിതെറ്റാതിരിക്കാൻ

ലത്തൂർ ഭൂകമ്പത്തിൽ അനേകം പേർ മരിച്ചു. നിരവധിപേർക്ക് ഗുരുതരമായി പരിക്കേറ്റു. തകർന്നടിഞ്ഞ കെട്ടിടങ്ങൾക്കടിയിൽപ്പെട്ടാണ് ഇതിലേറെയും സംഭവിച്ചത്. എന്നാൽ നിരന്തരം ഭൂകമ്പങ്ങളുണ്ടാകുന്ന ജപ്പാനിൽ കെട്ടിടങ്ങൾ തകർന്നുണ്ടാകുന്ന അപകടങ്ങൾ താരതമ്യേന കുറവാണ്. ഭൂകമ്പത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള കെട്ടിടനിർമാണരീതിയാണ് അവർ പിന്തുടർന്നത്.

നാം വീടുകൾക്ക് മോടികൂട്ടുന്നതിനു പകരം അവയുടെ ഉറപ്പല്ലേ ഉറപ്പുവരുത്തേണ്ടത്?

### വെള്ളപ്പൊക്കം : ചില ചരിത്രരേഖകൾ

കേരളത്തിൽ ഉണ്ടായതെന്നു കരുതപ്പെടുന്ന വെള്ളപ്പൊക്കങ്ങളിൽ ഏറ്റവും പഴയരേഖയുള്ളത് സി.ഇ. 371 ലേതാണ്. സി.ഇ 1341 -ൽ കേരളതീരത്തുണ്ടായ ഭൂകമ്പത്തോടനുബന്ധിച്ചും വെള്ളപ്പൊക്കമുണ്ടാവുകയുണ്ടായി. ഇതേക്കുറിച്ച് ഗ്രീക്ക് പണ്ഡിതനായ പ്ലിനി (സീനിയർ) 'നാച്വറൽ ഹിസ്റ്ററി' എന്ന തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിൽ ഇന്നു ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും മുതിർന്ന തലമുറക്കാരുടെ മനസ്സിൽ മായാതെ നിൽക്കുന്ന ഒന്നാണ് 99 ലെ വെള്ളപ്പൊക്കം. 99 എന്നാൽ കൊല്ലവർഷം 1099. ഇംഗ്ലീഷ് കലണ്ടർ പ്രകാരം ഇത് സി.ഇ. 1924 ആണ്.



pscnet.in





### 2018 ലെ മഹാപ്രളയം

2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ മഹാപ്രളയം ജീവഹാനിക്കും വ്യാപകമായ വസ്തുവകകളുടെ നാശനഷ്ടത്തിനും ഇടയാക്കി. അപ്രതീക്ഷിതമായി ലഭിച്ച ശക്തമായ മഴ പ്രളയത്തിന് കാരണമായി. ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം, കോട്ടയം തുടങ്ങി പത്തോളം ജില്ലകളെ പ്രളയം അതിശക്തമായി ബാധിച്ചു. കേരളാ ഗവൺമെന്റിന്റെ നേതൃത്വത്തിൽ വിവിധ സേനാവിഭാഗങ്ങൾ, സന്നദ്ധ സംഘടനകൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരുടെ സഹായത്തോടെ സമയബന്ധിതമായി നടന്ന രക്ഷാപ്രവർത്തനങ്ങൾ പ്രളയക്കെടുതിയുടെ വ്യാപ്തി കുറച്ചു. മലയാളിയുടെ ഒത്തൊരുമയുടെ വിജയമായിരുന്നു പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ദൃശ്യമായത്.

6GSSQC

യിലൊക്കെ മഴക്കാലത്ത് ഏതാനും ദിവസം വെള്ളപ്പൊക്കമുണ്ടാകാറുണ്ട്.

മഴക്കാലത്ത് ധാരാളമായി വെള്ളമൊഴുകിയെത്തുമ്പോൾ നദിക്ക് ആ വെള്ളം മുഴുവനും ഉൾക്കൊള്ളാൻ കഴിയാതെവരും. അത്തരം അവസ്ഥയിൽ നദി കരകവിഞ്ഞൊഴുകും. ഇതാണ് വെള്ളപ്പൊക്കം. ഹിമാലയൻ നദികളിൽ, വിശേഷിച്ചും ബ്രഹ്മപുത്രാ നദിയുടെ താഴ്‌വാരങ്ങളിൽ നിരന്തരം വെള്ളപ്പൊക്കമുണ്ടാകാറുണ്ട്. ഈ നദിയുടെ വൃഷ്ടിപ്രദേശങ്ങൾ പൊതുവെ കനത്ത മഴ ലഭിക്കുന്ന ഇടങ്ങളായതിനാലാണ് വെള്ളപ്പൊക്കം ഉണ്ടാകുന്നത്. താഴ്‌വാരങ്ങളിൽ മാത്രമല്ല, മലമ്പ്രദേശങ്ങളിലും പൊടുന്നനെ വെള്ളപ്പൊക്കമുണ്ടാകാറുണ്ട്. കനത്ത മഴയെത്തുടർന്ന് നോക്കിനിൽക്കെ ജലനിരപ്പുയരുന്ന പ്രതിഭാസമാണ് മലവെള്ളപ്പാച്ചിൽ (Flash flood) എന്ന പേരിൽ അറിയപ്പെടുന്നത്. സമീപകാലത്ത് ഉത്തരാഖണ്ഡിലുണ്ടായ വെള്ളപ്പൊക്കം ഇതിനുദാഹരണമാണ്. മരുഭൂമികളിലും അപൂർവമായ മഴയെത്തുടർന്ന് ഇത്തരം പ്രതിഭാസമുണ്ടാകാറുണ്ട്.



*വെള്ളപ്പൊക്കം സംബന്ധിച്ച വാർത്തകളും ചിത്രങ്ങളും ശേഖരിക്കൂ.*

## വെള്ളപ്പൊക്കം ഭീഷണിയാകാതിരിക്കാൻ

വെള്ളപ്പൊക്കം അപകടമാവാതിരിക്കാൻ താഴെ പറയുന്ന മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട്.

- പുഴയോടുചേർന്ന പ്രദേശത്ത് വീടുവയ്ക്കാതിരിക്കുക.
- വയലുകൾ മണ്ണിട്ടു നികത്താതിരിക്കുക, അവ മഴവെള്ളത്തിനു താഴ്ന്നിറങ്ങാനുള്ള സ്ഥലമാണ്.
- നദീതീരങ്ങളിൽ ബണ്ടുകൾ നിർമിക്കുക.



*പ്രകൃതിദുരന്തസാധ്യതകൾ ലഘൂകരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ വിശദീകരിക്കുന്ന പോസ്റ്ററുകൾ തയാറാക്കൂ. അവ പൊതുഇടങ്ങളിൽ പ്രദർശിപ്പിക്കാം.*

## ദുരന്തനിവാരണ – ലഘൂകരണ പ്രവർത്തനങ്ങൾ

പ്രകൃതിദുരന്തങ്ങൾ തടയുക സാധ്യമല്ല. എന്നാൽ വിവേകപൂർവമായ ഇടപെടലുകളിലൂടെയും കാലേക്കൂട്ടിയുള്ള മുന്നൊരുക്കപ്രവർത്തനങ്ങളിലൂടെയും ദുരന്തങ്ങളുണ്ടാക്കുന്ന ആഘാതതീവ്രത കുറയ്ക്കാനും ജനങ്ങളെ സാധാരണജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരാനുമാവും. ഇത്തരം പ്രവർത്തനങ്ങളെ പൊതുവേ ദുരന്തലഘൂകരണ പ്രവർത്തനങ്ങൾ എന്നു പറയാം.

## പ്രകൃതിദുരന്തങ്ങളെ നേരിടാം

വിവിധ പ്രകൃതിദുരന്തങ്ങളുണ്ടാകുമ്പോൾ അനുവർത്തിക്കേണ്ട നടപടികളാണ് ഫ്ളോചാർട്ടിലുള്ളത്.

**വെള്ളപ്പൊക്കം**
- പുഴയോരത്തു താമസിക്കുന്നവർ എത്രയും വേഗം ഉയർന്ന പ്രദേശങ്ങളിലേക്കു മാറുക.
- ശക്തമായ ഒഴുക്കുള്ളപ്പോൾ പുഴയിൽ ഇറങ്ങരുത്.
- വീടിനുള്ളിൽ വെള്ളം കയറുന്നുണ്ടെങ്കിൽ വൈദ്യുതിബന്ധം വിച്ഛേദിക്കുക.

**ഉരുൾപൊട്ടൽ**
- കുത്തനെ ചരിവുള്ള ഇടങ്ങളിൽനിന്നു മാറിത്താമസിക്കുക.
- ചരിഞ്ഞ പ്രദേശത്ത് താമസിക്കുന്നവർ മഴക്കാലത്ത് കൂടുതൽ ശ്രദ്ധാലുക്കളാകുക.

**ഇടിമിന്നൽ**
- വൈദ്യുതിബന്ധം വിച്ഛേദിക്കുക.
- കാൽ നിലത്തു തൊടാതെ തടിക്കട്ടിലിലോ പലകമേലോ ഇരിക്കുക.
- തുറസ്സായ സ്ഥലത്താണെങ്കിൽ താടി കാൽമുട്ടുകളിന്മേൽ എന്ന തരത്തിൽ ഇരിക്കുക.
- ഒറ്റപ്പെട്ട മരങ്ങളുടെ ചുവട്ടിൽ നിന്നു മാറുക.


**സുനാമി**
- കടലിൽ അസാധാരണമായ എന്തെങ്കിലും മാറ്റങ്ങളോ അതുസംബന്ധമായ മുന്നറിയിപ്പോ ലഭിച്ചാൽ എത്രയും വേഗം തീരത്തുനിന്നു മാറുക.
- ലൈഫ്ജാക്കറ്റ്, വായുനിറച്ച ട്യൂബ് എന്നിവയിലേതെങ്കിലും ഒപ്പം കരുതുക.

**ഭൂകമ്പം**
- വീഴാൻ സാധ്യതയുള്ള കെട്ടിടങ്ങൾ, പരസ്യപ്പലകകൾ എന്നിവയുടെ സമീപത്തുനിന്നു മാറിനിൽക്കുക.
- തുടർചലനസാധ്യതയുള്ളതിനാൽ ഔദ്യോഗിക അറിയിപ്പു ലഭിക്കുന്നതു വരെ വീടുകളിലേക്കു മടങ്ങരുത്.
- തുറസ്സായ പ്രദേശങ്ങളാണ് സുരക്ഷിതം.
- ലിഫ്റ്റ് ഉപയോഗിക്കരുത്.
- മൂലകളാണ് വീടിനുള്ളിലെ സുരക്ഷിതമായ ഭാഗം.
- ജനലരികിൽ നിന്നു മാറുക.

**പൊതുനടപടികൾ**
- പരിക്കേറ്റവർക്ക് എത്രയും വേഗം വൈദ്യസഹായമെത്തിക്കുക.
- ഊഹാപോഹങ്ങൾ വിശ്വസിക്കാതിരിക്കുക, പ്രചരിപ്പിക്കാതിരിക്കുക.
- വിലപിടിപ്പുള്ള വസ്തുക്കൾ, രേഖകൾ എന്നിവ മാത്രം ഒപ്പം കരുതുക.
- തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക.
- അത്യാവശ്യ മരുന്നുകൾ കരുതുക.

pscnet.in

ദുരന്തനിവാരണപ്രവർത്തനങ്ങൾക്കു പ്രധാനമായും മൂന്നു ഘട്ടങ്ങളാണു ള്ളത്. താഴെ നൽകിയ ഫ്ളോചാർട്ട് അത് വിശദീകരിക്കുന്നു.




## ദുരന്തനിവാരണത്തിൽ കുട്ടികളുടെ പങ്ക്

നിങ്ങളുടെ വീടിന്റെയോ സ്കൂളിന്റെയോ സമീപത്ത് ദുരന്തം സംഭവിച്ചാൽ രക്ഷാപ്രവർത്തനങ്ങളിൽ മുതിർന്നവരെ സഹായിക്കാൻ നിങ്ങളും കൂടു മല്ലോ. നാടിനും സമൂഹത്തിനും ഗുണകരമായ നിരവധി പ്രവർത്തനങ്ങൾ നിങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

അവയിൽ ചിലത്:


- അടിയന്തരഘട്ടങ്ങളിൽ ജനങ്ങൾ അനുവർത്തിക്കേണ്ട നടപടികൾ വിശദീകരിക്കുന്ന ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ തയാറാക്കി വിതരണം ചെയ്യുക, പൊതു ഇടങ്ങളിൽ പ്രദർശിപ്പിക്കുക.
- ശാസ്ത്രീയ ഭൂവിനിയോഗരീതികൾ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
- 

## സുരക്ഷിത ഇടങ്ങൾ കണ്ടെത്താം

ഒരു സ്കൂളിലെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി തയാറാക്കിയ സുരക്ഷിതമേഖലാ സ്കെച്ചാണ് ചിത്രത്തിൽ (ചിത്രം 7.10). ഭൂകമ്പം, ഉരുൾപൊട്ടൽ എന്നീ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ അവ ദുരന്തമായി മാറാതിരിക്കാൻ സ്വന്തം സുരക്ഷിതത്വം ഉറപ്പാക്കേണ്ടത്

അത്യാവശ്യമാണ്. അതിനായി സ്കൂളിലെ സുരക്ഷിതസ്ഥാനങ്ങൾ മുൻപേതന്നെ കണ്ടെത്തിവയ്ക്കൂ.

കെട്ടിടങ്ങളിൽനിന്ന് അകന്ന് സ്കൂൾ ഗ്രൗണ്ടിന്റെ ഏറക്കുറേ മധ്യഭാഗമായിരിക്കും ഏറ്റവും സുരക്ഷിതം. കെട്ടിടങ്ങൾ തകർന്നാലും അവിടേക്ക് അവശിഷ്ടങ്ങൾ പതിക്കില്ല എന്നതുകൊണ്ടാണിത്. അത്യാഹിതം സംഭവിച്ചാൽ ആംബുലൻസ്, മറ്റു രക്ഷാവാഹനങ്ങൾ എന്നിവയ്ക്ക് പ്രവേശിക്കാനുള്ള വഴി ഏതാണെന്ന് മുൻകൂട്ടി തീരുമാനിക്കുക. മാർഗതടസ്സമുണ്ടാക്കുന്ന യാതൊന്നും ആ ഭാഗത്ത് സ്ഥാപിക്കരുത്. സുരക്ഷിതമായ ഇടങ്ങൾ എല്ലാവർക്കും മനസ്സിലാകുംവിധം അടയാളപ്പെടുത്തിവയ്ക്കണം. ഇടയ്ക്കിടെ ഇത്തരം ദുരന്തസാഹചര്യങ്ങളെ നേരിടാനുള്ള 'മോക്ക്ഡ്രിൽ' നടത്തൂ.




ചിത്രം – 7.10

## ദുരന്തനിവാരണത്തിനുള്ള സർക്കാർ സംവിധാനങ്ങൾ

കേരളത്തിലെ ദുരന്തനിവാരണ ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ചുമതല കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്കാണ് (Kerala State Disaster Management Authority (KSDMA)). അതോറിറ്റിയുടെ കീഴിൽ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം (State Emergency Operations Centre (SEOC)) എല്ലാ ജില്ലകളിലെയും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. അടിയന്തര സാഹചര്യങ്ങളിൽ സംസ്ഥാനത്തൊട്ടാകെ സ്വീകരിക്കേണ്ട നടപടികൾ, ദുരന്തസാധ്യതാ മുന്നറിയിപ്പുകൾ എന്നിവ ജില്ലകൾക്ക് നൽകുന്നു. ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങൾക്കാണ് (DEOC) അതത് പ്രദേശത്തെ ദുരന്തനിവാരണ ലഘൂകരണ പ്രവർത്തനങ്ങളുടെ ചുമതലയുള്ളത്. ജനങ്ങൾക്ക് ആവശ്യമായ മുന്നറിയിപ്പുകൾ നൽകുന്നത് ഈ കേന്ദ്രങ്ങൾവഴിയാണ്. ദുരന്തമുണ്ടാകാനിടയായാൽ ആരോഗ്യം, ക്രമസമാധാനം, ഫയർഫോഴ്സ്, പൊതുമരാമത്ത് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഈ കേന്ദ്രങ്ങളുടെ ദൗത്യം. കൂടുതൽ വിവരങ്ങൾക്ക് www.sdma.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കൂ.

6H2NRZ

## സുരക്ഷിതമായ നാളെയ്ക്ക്

നാലരക്കോടി വർഷമെന്ന ഭൂമിയുടെ സുദീർഘമായ ചരിത്രത്തിലെ സംഭവപരമ്പരകളിൽ ഒടുവിലത്തെ കണ്ണിയാണ് മനുഷ്യൻ. പ്രകൃതിയിലെ ശുദ്ധ

pscnet.in

വായുവും തെളിനീരും മണ്ണിന്റെ സമൃദ്ധിയും ഹരിതാഭയും ഒക്കെ നമുക്ക് അനുഭവിക്കാൻ കഴിയുന്നത് നമുക്കു മുമ്പേ ഇവിടെ ജീവിച്ചു കടന്നുപോയ ജീവജാലങ്ങളൊക്കെയും അവ നമുക്കായി ബാക്കിവച്ചതുകൊണ്ടാണ്. ആർത്തിപൂണ്ട് അവ മുഴുവൻ ഒന്നിച്ചു കൈയടക്കാൻ ശ്രമിച്ചാൽ കനത്ത നാശനഷ്ടമാകും ഫലം. നമ്മുടെ മാത്രമല്ല, വരാനിരിക്കുന്ന എത്രയോ ജീവജാലങ്ങളുടെയും തലമുറകൾക്കുവേണ്ടി ഈ പ്രകൃതിവിഭവങ്ങൾ കരുതിവയ്ക്കേണ്ട ചുമതല നമുക്കുണ്ട്.



## വിലയിരുത്താം

- വെള്ളപ്പൊക്കം എന്ന പ്രകൃതിദുരന്തമുണ്ടാകുന്ന സന്ദർഭങ്ങളിൽ എന്തൊക്കെ മുൻകരുതലുകളാണ് കൈക്കൊള്ളേണ്ടത്?
- പ്രകൃതിദുരന്തങ്ങളുണ്ടാകുമ്പോൾ സ്വീകരിക്കേണ്ട പൊതുനടപടികൾ എന്തെല്ലാം?



## തുടർപ്രവർത്തനം

- ശാസ്ത്രീയമായ ഭൂവിനിയോഗരീതികൾ വിശദമാക്കുന്ന ചാർട്ടുകൾ, ലഘുലേഖകൾ എന്നിവ തയാറാക്കൂ. അവ പൊതു ഇടങ്ങളിൽ പ്രദർശിപ്പിക്കൂ.
- പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ഒരു സ്ക്രാപ്പ് ആൽബം തയ്യാറാക്കുക.

pscnet.in



8

# ജനസംഖ്യ, കുടിയേറ്റം, വാസസ്ഥലങ്ങൾ




2011 സെൻസസ് പ്രകാരം, ഇന്ത്യയിലെ ജനസംഖ്യയെ സംബന്ധിക്കുന്ന ചില അടിസ്ഥാനവിവരങ്ങൾ ശ്രദ്ധിച്ചില്ലേ. എന്താണ് ജനസംഖ്യ? ജനസംഖ്യ സംബന്ധമായ വിവരങ്ങൾ പഠിക്കേണ്ടതിന്റെ ആവശ്യകത എന്താണ്? എല്ലാ പ്രദേശത്തും ജനസംഖ്യാവിതരണം ഒരുപോലെയാണോ? ജനസംഖ്യാവിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്? ഇതിൽ ഭൂമിശാസ്ത്രഘടകങ്ങൾക്ക് എത്രമാത്രം പ്രാധാന്യമുണ്ട്? ജനസംഖ്യ കൂടാനും കുറയാനുമുള്ള കാരണങ്ങളും അതിന്റെ ഫലങ്ങളും എന്തൊക്കെയാവാം?

pscnet.in


ഒരു രാജ്യത്തിന്റെ വിഭവാസൂത്രണം, വിഭവവിനിയോഗം തുടങ്ങിയ മേഖലകളിൽ ജനസംഖ്യാകണക്കുകളുടെ പ്രസക്തി വളരെ വലുതാണ്. മേൽ സൂചിപ്പിച്ച ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിലൂടെ അത് ബോധ്യമാകും. അതിനായി നമുക്ക് ഈ അധ്യായത്തിലൂടെ കടന്നുപോകാം.

ഒരു പ്രദേശത്ത് നിശ്ചിത കാലയളവിൽ അധിവസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് അവിടത്തെ ജനസംഖ്യ (Population). ഒരു രാജ്യം അറിയപ്പെടുന്നത് അവിടത്തെ ജനങ്ങളിലൂടെയാണല്ലോ. എന്തെന്നാൽ, വിഭവങ്ങളെ ഉൽപ്പാദനപരമായി ഉപയോഗപ്പെടുത്തുന്നതും രാജ്യത്തിന്റെ നയങ്ങൾ രൂപപ്പെടുത്തുന്നതും ജനങ്ങളാണ്. അതിനാൽ മനുഷ്യവിഭവമാണ് യഥാർഥ സമ്പത്ത് എന്നുതന്നെ വിശേഷിപ്പിക്കാം.

മനുഷ്യക്ഷേമമാണല്ലോ വികസനത്തിന് ആധാരം. ഇതിനായി ആഹാരം, വസ്ത്രം, പാർപ്പിടം. തൊഴിൽ, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയവ ഉറപ്പാക്കേണ്ടതുണ്ട്. രാജ്യത്തെ ജനസംഖ്യാസംബന്ധമായ വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്താൽ മാത്രമേ ലഭ്യമായ വിഭവങ്ങൾ യഥാവിധി പ്രയോജനപ്പെടുത്തി വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യാനാകൂ.

*ജനസംഖ്യാ കണക്കുകളുടെ വിശകലനം ആവശ്യമായ മേഖലകൾ ഏതൊക്കെയെന്ന് എഴുതിനോക്കൂ.*

- ഭക്ഷ്യധാന്യ ഉൽപ്പാദനം മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന്.
- തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്.
- 

*ജനസംഖ്യ ക്രമാതീതമായി ഉയരുന്നത് രാജ്യപുരോഗതിക്ക് ഗുണകരമാണോ? എന്തുകൊണ്ട്?*

## ജനസംഖ്യാവിതരണം


ഇന്ത്യയിലെ ജനസംഖ്യാവിതരണം കാണിക്കുന്ന ഭൂപടം ശ്രദ്ധിക്കൂ (ചിത്രം 8.1). ജനസംഖ്യ കൂടുതലായി കേന്ദ്രീകരിച്ചു കാണുന്ന പ്രദേശങ്ങളും ജനസംഖ്യ തീരെ കുറവുള്ള പ്രദേശങ്ങളും ഇതിൽനിന്നു തിരിച്ചറിയാൻ കഴിയുന്നില്ലേ?

- *ഉയർന്ന ജനസംഖ്യയുള്ള സംസ്ഥാനങ്ങൾ ഏതൊക്കെയാണ്?*
- *ജനസംഖ്യ തീരെ കുറഞ്ഞ സംസ്ഥാനങ്ങൾ ഏതൊക്കെ?*

ഇന്ത്യയുടെ ജനസംഖ്യാഭൂപടത്തെ ഭൂപ്രകൃതി വിഭാഗങ്ങൾ കാണിക്കുന്ന ഭൂപടവുമായി താരതമ്യം ചെയ്തുനോക്കൂ.

- ഉത്തരമഹാസമതല പ്രദേശത്തുടനീളം ജനസംഖ്യ കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്നതു കണ്ടല്ലോ. ഇത് എന്തുകൊണ്ടാണ്?

pscnet.in


ചിത്രം 8.1


അവലംബം : ഇന്ത്യ സെൻസസ് 2011

- ഉപദ്വീപിയ പീഠഭൂമിയിലാകെ താരതമ്യേന കുറഞ്ഞ ജനസംഖ്യയാണല്ലോ ഉള്ളത്. സമതലങ്ങളിലെ പോലെ കൃഷിക്ക് അനുയോജ്യമായ സാഹചര്യങ്ങളുടെ കുറവും ചെന്നെത്താനുള്ള ബുദ്ധിമുട്ടുമാണ് ഇതിനു കാരണം. എന്നാൽ ഉപദ്വീപീയ പീഠഭൂമിയിൽ ധാതുക്കളുടെ ഖനനം, ധാതു അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ചില പ്രദേശങ്ങളെ ഉയർന്ന ജനവാസമേഖലകളാക്കുന്നു. ഗതാഗത-വാർത്താവിനിമയ മേഖലകളിലെ പുരോഗതിയും ഇതിന് ആക്കം കൂട്ടുന്നു.

pscnet.in


*പർവതമേഖല ഉൾപ്പെട്ട സംസ്ഥാനങ്ങളിൽ എപ്രകാരമാണ് ജനസംഖ്യ? എന്തുകൊണ്ട്?*

ജനസംഖ്യാവിതരണത്തിൽ ഭൂപ്രകൃതിയുടെ സ്വാധീനം ബോധ്യമായല്ലോ. ഏതൊക്കെ ഭൂമിശാസ്ത്രഘടകങ്ങളാണ് ജനസംഖ്യാവിതരണത്തെ സ്വാധീനിക്കുന്നത് എന്നു നോക്കൂ.




*മേൽ സൂചിപ്പിച്ച ഓരോ ഘടകവും ജനസംഖ്യാവിതരണത്തെ സ്വാധീനിക്കുന്നതെങ്ങനെയെന്ന് ചർച്ചചെയ്ത് ലഘുകുറിപ്പുകൾ തയാറാക്കൂ.*

ഇന്ത്യയുടെ ആകെ സ്ഥലവിസ്തൃതി 3.28 ദശലക്ഷം ചതുരശ്രകിലോമീറ്ററാണ്. അതായത്, ലോകത്തിന്റെ ആകെ കരവിസ്തൃതിയുടെ 2.5%. എന്നാൽ ഇന്ത്യ ഉൾക്കൊള്ളുന്നത് ലോകജനസംഖ്യയുടെ 17.5% മാണ്. ഓരോ ചതുരശ്രകിലോമീറ്റർ പ്രദേശവും ശരാശരി 382 ആളുകളെ ഉൾക്കൊള്ളുന്നു. ഇതാണ് ഇന്ത്യയുടെ ജനസാന്ദ്രത. ഓരോ ചതുരശ്ര കിലോമീറ്റർ പ്രദേശത്തുമുള്ള ശരാശരി ജനസംഖ്യയെ ജനസാന്ദ്രത എന്നു വിളിക്കുന്നു (Density of population). ഒരു പ്രദേശത്തെ ജനസംഖ്യയെ ഭൂവിസ്തൃതികൊണ്ട് ഹരിച്ചാൽ ജനസാന്ദ്രത കണക്കാക്കാം.

$$\text{ജനസാന്ദ്രത} = \frac{\text{ആകെ ജനസംഖ്യ}}{\text{ഭൂവിസ്തൃതി}}$$

*ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യം ചൈനയാണെങ്കിലും അവിടെ ജനസാന്ദ്രത ഇന്ത്യയിലേതിനെക്കാൾ കുറവാണ്. കാരണമെന്ത്?*


ജനസാന്ദ്രതയിൽ ബംഗ്ലാദേശ്, ജപ്പാൻ എന്നീ രാജ്യങ്ങൾക്കു പിന്നിലായി മൂന്നാം സ്ഥാനത്താണ് ഇന്ത്യ. ഇന്ത്യയിലാകട്ടെ, ജനസാന്ദ്രതയിൽ പ്രകടമായ പ്രാദേശിക വ്യത്യാസങ്ങൾ നിലനിൽക്കുന്നു. 2011 സെൻസസ് പ്രകാരം ചതുരശ്രകിലോമീറ്ററിൽ 17 പേർ മാത്രമുള്ള അരുണാചൽപ്രദേശ്

pscnet.in


ജനസാന്ദ്രതയിൽ ഏറ്റവും പിന്നിലും ചതുരശ്രകിലോമീറ്ററിൽ 11297 പേരെ ഉൾക്കൊള്ളുന്ന ഡൽഹി ഏറ്റവും മുന്നിലുമാണ്. സംസ്ഥാനങ്ങളിൽ ബീഹാറിനാണ് ഏറ്റവും ഉയർന്ന ജനസാന്ദ്രത (1102).

*ഡൽഹിയിലെ ഉയർന്ന ജനസാന്ദ്രത എന്തുകൊണ്ടായിരിക്കാം?*

ഭൂപടം (ചിത്രം 8.2) നിരീക്ഷിച്ച് ഇന്ത്യയിലെ സംസ്ഥാനതല ജനസാന്ദ്രത മനസ്സിലാക്കൂ.




ചിത്രം 8.2 (അവലംബം : ഇന്ത്യ സെൻസസ് 2011)

pscnet.in



*ഇന്ത്യയിലെ സംസ്ഥാനങ്ങളെ ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് ചുവടെ നൽകിയിട്ടുള്ള മാതൃകയിൽ പട്ടികപ്പെടുത്തൂ.*

| ജനസാന്ദ്രത | വിഭാഗങ്ങൾ | സംസ്ഥാനങ്ങൾ |
|---|---|---|
| 100 ൽ താഴെ | വളരെ കുറഞ്ഞ ജനസാന്ദ്രത | |
| 101 മുതൽ 250 വരെ | കുറഞ്ഞ ജനസാന്ദ്രത | |
| 251 മുതൽ 500 വരെ | മിതമായ ജനസാന്ദ്രത | |
| 501 മുതൽ 1000 വരെ | ഉയർന്ന ജനസാന്ദ്രത | |
| 1000ത്തിനു മുകളിൽ | വളരെ ഉയർന്ന ജനസാന്ദ്രത | |

ഇന്ത്യയിലെ ഓരോ സംസ്ഥാനത്തും വ്യത്യസ്തമായ ജനസാന്ദ്രതയാണുള്ളത് എന്നു കണ്ടില്ലേ.



- 2011 സെൻസസ് പ്രകാരം കേരളത്തിലെ ജനസാന്ദ്രത എത്രയാണ്?
- ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ്?

നിരപ്പായ ഭൂപ്രകൃതി, മിതമായ കാലാവസ്ഥ, കൃഷിക്ക് യോജിച്ച ഫലപുഷ്ടിയുള്ള മണ്ണിനങ്ങൾ, ശുദ്ധജലലഭ്യത തുടങ്ങിയ പ്രധാന ഭൂമിശാസ്ത്രഘടകങ്ങളാണ് മുഖ്യമായും ചില പ്രദേശങ്ങളിൽ ഉയർന്ന ജനസാന്ദ്രതയ്ക്ക് അടിസ്ഥാനം. കൂടാതെ, ധാതുലഭ്യമായ പ്രദേശങ്ങളിലും വ്യാവസായികമേഖലകളിലുമുള്ള വർധിച്ച തൊഴിൽസാധ്യതകളും നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള ആകർഷകമായ അടിസ്ഥാനസൗകര്യങ്ങളും സേവനങ്ങളും ഇത്തരം പ്രദേശങ്ങളിലെ ഉയർന്ന ജനസാന്ദ്രതയ്ക്ക് കാരണമാകാറുണ്ട്. ജനസാന്ദ്രതയിലെ അസന്തുലിതാവസ്ഥയ്ക്കുള്ള കാരണങ്ങളും അതിൽ ഭൂമിശാസ്ത്രഘടകങ്ങളുടെ പ്രാധാന്യവും ബോധ്യമായല്ലോ.

ഒരു പ്രദേശത്തുള്ള ജനസംഖ്യയിൽ മാറ്റമുണ്ടാകുന്നതെങ്ങനെയെന്ന് നോക്കാം.

## ജനസംഖ്യാവളർച്ച

നിശ്ചിത കാലയളവിൽ ഒരു പ്രദേശത്ത് അധിവസിക്കുന്ന ജനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന മാറ്റമാണ് ജനസംഖ്യാവളർച്ച. ഇത് പൊതുവേ ശതമാനത്തിലാണ് കണക്കാക്കാറുള്ളത്. ഇന്ത്യയിലെ ദശാബ്ദ വളർച്ചനിരക്ക് 17.7 ശതമാനമാണ്.

അതായത് 2001 ലെ ജനസംഖ്യയേക്കാൾ 17.7% 2011 ൽ ഇന്ത്യയിലെ ജനസംഖ്യ കൂടിയിട്ടുണ്ട്. ഇത്തരത്തിൽ ജനസംഖ്യയിലുണ്ടാകുന്ന വളർച്ചയെ അനുകൂല ജനസംഖ്യാവളർച്ചയെന്ന് പറയുന്നു (Positive growth of population).

pscnet.in


ഒരു പ്രദേശത്തെ ജനസംഖ്യ കുറയുന്ന സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. ഇതിനെ ജനസംഖ്യയുടെ പ്രതികൂലവളർച്ച (Negative growth of population) എന്നാണ് പറയുന്നത്.

എന്തൊക്കെ കാരണങ്ങളാലാണ് ജനസംഖ്യയിൽ മാറ്റമുണ്ടാകുന്നത് എന്നു നോക്കൂ.

- ജനനനിരക്ക്
- മരണനിരക്ക്
- കുടിയേറ്റം

ജനസംഖ്യാമാറ്റത്തെ സ്വാധീനിക്കുന്ന സ്വാഭാവികഘടകങ്ങളാണ് ജനനനിരക്കും മരണനിരക്കും. ഉയർന്ന ജനനനിരക്കും കുറഞ്ഞ മരണനിരക്കും ജനസംഖ്യാവർധനവിന് കാരണമായേക്കാം; മരണനിരക്ക് ഉയരുന്നത് ജനസംഖ്യ കുറയുന്നതിനും.


*ഒരു രാജ്യത്ത് ജനനമരണനിരക്കുകളിൽ തുല്യത കൈവന്നാൽ എന്തായിരിക്കും സംഭവിക്കുക?*



ആധുനികലോകത്ത് ജനസംഖ്യാമാറ്റത്തെ നിർണായകമായി സ്വാധീനിക്കുന്ന ഒരു ഘടകമാണ് കുടിയേറ്റം.

## കുടിയേറ്റം

ഒരു പ്രദേശത്തുനിന്നു മറ്റൊരു പ്രദേശത്തേക്കു സ്ഥിരമായോ താൽക്കാലികമായോ ജനങ്ങൾ മാറിത്താമസിക്കുന്നതിനെയാണ് കുടിയേറ്റം എന്നു പറയുന്നത്. കുടിയേറ്റത്തിന്റെ വിവിധ തലങ്ങളിലുള്ള കുടിയേറ്റങ്ങളാണ് ഫ്ളോചാർട്ടിൽ.



pscnet.in



രാജ്യാതിർത്തി കടന്നുള്ള കുടിയേറ്റങ്ങളെയാണ് രാജ്യാന്തരകുടിയേറ്റം (International migration) എന്നു പറയുന്നത്. ഒരു രാജ്യത്തേക്ക് ജനങ്ങൾ വന്നു ചേരുന്നതിനെ രാജ്യാന്തര ആഗമനം (Immigration) എന്നും രാജ്യം വിട്ട് മറ്റൊരു രാജ്യത്തിലേക്കു കുടിയേറുന്നതിനെ രാജ്യാന്തരഗമനം (Emigration) എന്നും പറയുന്നു.



ചിത്രം 8.3

വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളികൾ രാജ്യാന്തരകുടിയേറ്റക്കാർക്ക് ഉത്തമ ഉദാഹരണമാണ് (ചിത്രം 8.3).

*കേരളത്തിൽ അന്താരാഷ്ട്ര വിമാനത്താവളങ്ങൾ മൂന്നെണ്ണമാണുള്ളത്. ഈ ചെറിയ സംസ്ഥാനത്ത് ഇത്രയും അന്താരാഷ്ട്ര വിമാനത്താവളങ്ങൾ ഉണ്ടാകാൻ എന്തായിരിക്കും കാരണം?*

രാജ്യാതിർത്തിക്കുള്ളിൽ തന്നെയുള്ള കുടിയേറ്റങ്ങൾ ആഭ്യന്തരകുടിയേറ്റങ്ങളാണ് (Internal migration). ഇത്തരം കുടിയേറ്റങ്ങൾക്കും പ്രധാന കാരണം തൊഴിലാണ്. രാജ്യത്ത് മെച്ചപ്പെട്ട തൊഴിലും വേതനവും ലഭിക്കുന്ന ഇടങ്ങളിലേക്ക് ജനങ്ങൾ കുടിയേറാറുണ്ട്.



ചിത്രം ( 8.4) അന്യസംസ്ഥാന തൊഴിലാളികൾ

കേരളത്തിലെ നിർമാണമേഖലയിൽ ജോലി ചെയ്യുന്ന ഉത്തരേന്ത്യൻ തൊഴിലാളികൾ ഇത്തരം കുടിയേറ്റക്കാർക്ക് ഉദാഹരണമാണ് (ചിത്രം 8.4).

*എന്തുകൊണ്ടായിരിക്കാം ഇവർ വൻതോതിൽ കേരളത്തിലേക്കു കുടിയേറുന്നത്?*

ഇത്തരത്തിൽ ഒരു സംസ്ഥാനത്തുനിന്നു മറ്റൊരു സംസ്ഥാനത്തേക്കു നടക്കുന്ന കുടിയേറ്റങ്ങളെ സംസ്ഥാനന്തര കുടിയേറ്റങ്ങൾ (Interstate migration) എന്നു പറയുന്നു.

സംസ്ഥാനങ്ങൾക്കുള്ളിൽ ജനങ്ങൾ വിവിധ കാരണങ്ങളാൽ മാറിത്താമസിക്കുന്നതിനെ സംസ്ഥാന ആഭ്യന്തരകുടിയേറ്റം (Intrastate migration) എന്നാണ് പറയുന്നത്. ജില്ലാ അതിർത്തി കടന്നുള്ള കുടിയേറ്റങ്ങളെ ജില്ലാന്തരകുടിയേറ്റം (Interdistrict migration) എന്നു വിളിക്കാം.

20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മധ്യതിരുവിതാംകൂറിൽനിന്നു മലബാറിലേക്കുണ്ടായ വൻതോതിലുള്ള കർഷകകുടിയേറ്റങ്ങൾ ജില്ലാന്തര കുടിയേറ്റങ്ങൾക്ക് ഉദാഹരണമാണ്. വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ കാരണങ്ങളാൽ ഒരു ജില്ലയ്ക്കുള്ളിൽത്തന്നെ ജനങ്ങൾ കുടിയേറിപ്പാർക്കാറുണ്ട്. ഇത്തരം കുടിയേറ്റങ്ങളെ ജില്ലാ ആഭ്യന്തരകുടിയേറ്റം (Intradistrict migration) എന്നു വിളിക്കാം.

മേൽപ്പറഞ്ഞ എല്ലാതരം കുടിയേറ്റങ്ങളും നാലു വിധത്തിലുണ്ടാകുന്നു.

- ഗ്രാമത്തിൽനിന്നു ഗ്രാമത്തിലേക്കുള്ള കുടിയേറ്റം.
- ഗ്രാമത്തിൽനിന്നു നഗരത്തിലേക്കുള്ള കുടിയേറ്റം.
- നഗരത്തിൽനിന്നു നഗരത്തിലേക്കുള്ള കുടിയേറ്റം.
- നഗരത്തിൽനിന്നു ഗ്രാമത്തിലേക്കുള്ള കുടിയേറ്റം.

*വിവിധ തരം കുടിയേറ്റങ്ങൾക്ക് കൂടുതൽ ഉദാഹരണങ്ങൾ ചർച്ച ചെയ്ത് കണ്ടെത്തുക.*

## കുടിയേറ്റം എന്തുകൊണ്ട്?

നമ്മുടെ നാട്ടിൽനിന്നു തൊഴിൽ തേടി വിദേശരാജ്യങ്ങളിലേക്കും ഇന്ത്യയിലെ തന്നെ മറ്റു നഗരങ്ങളിലേക്കും ധാരാളം ആളുകൾ കുടിയേറിയിട്ടുണ്ട് എന്ന് നിങ്ങൾക്കറിയാമല്ലോ. ലോകത്തിലെ വികസിതമേഖലകളിലെ തൊഴിലവസരങ്ങളാണ് ഇത്തരം കുടിയേറ്റങ്ങൾക്കു കാരണം. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ പശ്ചിമേഷ്യൻ രാജ്യങ്ങളിലുണ്ടായ വ്യാപക പെട്രോളിയം ഖനനം സൃഷ്ടിച്ച തൊഴിലവസരങ്ങളാണ് ഗൾഫ് മേഖലയിലേക്കുള്ള ഇത്തരം കുടിയേറ്റങ്ങളുടെ ആകർഷക ഘടകം.

*തൊഴിലവസരങ്ങൾ കൂടാതെ മറ്റെന്തൊക്കെ ആകർഷക ഘടകങ്ങളാണ് (Pull factors) കുടിയേറ്റത്തിന് പ്രേരകമാകുന്നത് എന്നു കണ്ടെത്തൂ.*

- ഉന്നതവിദ്യാഭ്യാസസൗകര്യങ്ങൾ
- 
- 
- 

### യൂറോപ്പിലേക്കു വൻ അഭയാർഥിപ്രവാഹം

*ടെൽഅവീവ് : 10 സെപ്തംബർ 2015*

മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധം അഭയാർഥി പ്രവാഹത്തിന് യൂറോപ്പ് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. ആയിരങ്ങളാണ് ഇക്കഴിഞ്ഞ ദിവസങ്ങളിൽ യൂറോപ്പിലേക്കു അഭയാർഥികളായി എത്തിയത്. സിറിയയിലെ രൂക്ഷമായ ആഭ്യന്തരയുദ്ധത്തിൽ നിന്നു രക്ഷ തേടിയാണ് ഇവരുടെ ഈ പലായനം.



pscnet.in



വാർത്താശകലം ശ്രദ്ധിച്ചല്ലോ. സിറിയയിലെ ആഭ്യന്തരകലാപം കാരണം ആയിരക്കണക്കിന് അഭയാർഥികളാണ് സുരക്ഷിതവാസത്തിനായി യൂറോപ്യൻ രാജ്യങ്ങളിലേക്കു കുടിയേറുന്നത്. ഇത് കുടിയേറ്റത്തിനു കാരണമാകുന്ന ഒരു നിർബന്ധിത ഘടകമാണ്.



*മറ്റേതൊക്കെ നിർബന്ധിത ഘടകങ്ങളാണ് (Push factors) കുടിയേറ്റത്തിന് കാരണമാകുന്നത് എന്നു കണ്ടെത്തൂ.*

- വിഭവദൗർലഭ്യം
- രാഷ്ട്രീയ അരക്ഷിതാവാസ്ഥ
- 
- തൊഴിലില്ലായ്മ
- പ്രകൃതിദുരന്തങ്ങൾ
- 

ചില പ്രദേശങ്ങളിലെ ആകർഷക ഘടകങ്ങളാൽ ജനങ്ങൾ സ്വന്തം താൽപ്പര്യത്തോടെ നടത്തുന്ന കുടിയേറ്റങ്ങളെ ആകർഷകകുടിയേറ്റങ്ങൾ (Voluntary migration) എന്ന് പറയാം. പ്രതികൂലസാഹചര്യങ്ങളാൽ നിർബന്ധിതമായി നടക്കുന്ന കുടിയേറ്റങ്ങളെ നിർബന്ധിത കുടിയേറ്റം (Forced migration) എന്നു പറയുന്നു.

## കുടിയേറ്റത്തിന്റെ ഫലങ്ങൾ

മനുഷ്യവിഭവത്തിന്റെ പുനസ്സംഘാടനമാണ് കുടിയേറ്റത്തിലൂടെ സംഭവിക്കുന്നത്. ഇതു കുടിയേറ്റക്കാരുടെ പ്രഭവസ്ഥലങ്ങളിലും കുടിയേറിപ്പാർക്കുന്ന പ്രദേശങ്ങളിലും സാമൂഹിക-സാമ്പത്തിക-സാംസ്കാരിക മേഖലകളിൽ നിർണായക മാറ്റങ്ങൾക്കു കാരണമാകും.

കുടിയേറ്റത്തിന്റെ ഫലങ്ങൾ എന്തെല്ലാമാണെന്ന് നോക്കൂ.

- മനുഷ്യവിഭവ കൈമാറ്റം സാധ്യമാകുന്നു.
- മാതൃരാജ്യത്തേക്കു വിദേശനാണ്യം ലഭ്യമാക്കുന്നു.
- ചില പ്രദേശങ്ങളിൽ അമിത ജനസംഖ്യയ്ക്ക് വഴിതെളിക്കുന്നു.
- വിഭവദൗർലഭ്യത്തിന് കാരണമാകുന്നു.
- സാങ്കേതികവിദ്യാ കൈമാറ്റം സാധ്യമാകുന്നു.
- കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നു.
- ജനങ്ങൾക്കിടയിലെ സാമൂഹികബന്ധങ്ങൾ ഇല്ലാതാകുന്നു.
- ചേരികളുടെ രൂപീകരണത്തിന് കാരണമാകുന്നു.
- പകർച്ചവ്യാധികൾ വ്യാപിക്കുന്നു.
- ഉന്നതവിദ്യാഭ്യാസത്തിന് അവസരങ്ങൾ ലഭിക്കുന്നു.
- ജനസംഖ്യയിലെ സ്ത്രീ-പുരുഷ സന്തുലനം ഇല്ലാതാകുന്നു.
- അഭ്യസ്തവിദ്യരുടെയും യുവാക്കളുടെയും സേവനം രാജ്യത്തിന് നഷ്ടമാകുന്നു.
- വിഭവചൂഷണം ഉണ്ടാകുന്നു.
- പരിസ്ഥിതിമലിനീകരണത്തിന്റെ തീവ്രത കൂടുന്നു.

pscnet.in


*മേൽപ്പറഞ്ഞ വസ്തുതകൾ ക്ലാസിൽ ചർച്ചചെയ്ത് കുടിയേറ്റത്തിന്റെ ഗുണഫലങ്ങൾ, ദോഷഫലങ്ങൾ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തുക. ഇരു വിഭാഗങ്ങളിലും കൂടുതൽ ഫലങ്ങൾ കണ്ടെത്തി കൂട്ടിച്ചേർക്കുമല്ലോ.*



| ഗുണഫലങ്ങൾ | ദോഷഫലങ്ങൾ |
|---|---|
| •<br>•<br>• | •<br>•<br>• |

## വർക്ക്ഷീറ്റ്

ചില പ്രധാന കുടിയേറ്റങ്ങളാണ് പട്ടികയിൽ. ഓരോന്നും നിങ്ങൾ പഠിച്ച ഏതു തരം കുടിയേറ്റത്തിൽ ഉൾപ്പെടുന്നു എന്നു തിരിച്ചറിഞ്ഞ് ഉചിതമായ കളങ്ങളിൽ ടിക് (✓) അടയാളമിടുക.

| കുടിയേറ്റങ്ങൾ | രാജ്യാന്തര കുടിയേറ്റം | ആഭ്യന്തര കുടിയേറ്റം | നിർബന്ധിത കുടിയേറ്റം | ആകർഷക കുടിയേറ്റം |
|---|---|---|---|---|
| • ഇന്ത്യയിലേക്കുള്ള യൂറോപ്യൻ കുടിയേറ്റങ്ങൾ. | ✓ | | | ✓ |
| • മധ്യതിരുവിതാംകൂറിൽനിന്നു മലബാർ മേഖലയിലേക്കുള്ള കർഷക കുടിയേറ്റങ്ങൾ. | | | | |
| • കേരളത്തിലേക്കുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം. | | | | |
| • ശ്രീലങ്കൻ ആഭ്യന്തരകലാപത്തെ തുടർന്ന് ഇന്ത്യയിലേക്കുള്ള കുടിയേറ്റം. | | | | |
| • കേരളത്തിലെ നഗരങ്ങളിൽനിന്നു ബംഗളൂരുവിലേക്കുള്ള വിവരസാങ്കേതികവിദഗ്ധരുടെ കുടിയേറ്റം. | | | | |
| • ഗൾഫ് രാജ്യങ്ങളിലേക്കുള്ള മലയാളികളുടെ കുടിയേറ്റം. | | | | |
| • കേരളത്തിലെ വിവാഹാനന്തര കുടിയേറ്റങ്ങൾ. | | | | |
| • സിറിയയിലെ ആഭ്യന്തരകലാപങ്ങളെ തുടർന്നുള്ള പലായനങ്ങൾ. | | | | |
| • ഇന്ത്യയിൽ സുനാമിബാധിത മേഖലകളിൽനിന്നു പുനരധിവാസ മേഖലകളിലേക്കുണ്ടായ കുടിയേറ്റങ്ങൾ. | | | | |

pscnet.in


## വാസസ്ഥലങ്ങൾ (Settlements)

6HKFVA

മനുഷ്യന്റെ കാർഷികസംസ്കാരത്തിന് ഏകദേശം 12000 വർഷത്തിന്റെ പഴക്കമുള്ളതായി കണക്കാക്കുന്നു. ആവശ്യമായ ഭക്ഷ്യവിളകൾ കൃഷിചെയ്ത് ഉൽപ്പാദിപ്പിക്കാൻ തുടങ്ങിയപ്പോൾ കൃഷിയിടങ്ങളോടു ചേർന്ന് പാർപ്പിടങ്ങൾ രൂപപ്പെട്ടു. പിൽക്കാലത്തുണ്ടായ വിവിധ മനുഷ്യപ്രവർത്തനങ്ങളും കുടിയേറ്റങ്ങളും വ്യത്യസ്ത തരത്തിൽ പാർപ്പിടങ്ങൾ രൂപംകൊള്ളാൻ കാരണമായി. സ്ഥിരമോ താൽക്കാലികമോ ആയി വിവിധ വലിപ്പത്തിൽ കാണപ്പെടുന്ന പാർപ്പിടങ്ങളുടെ കൂട്ടത്തെയാണ് വാസസ്ഥലങ്ങൾ (Settlements) എന്ന് വിശേഷിപ്പിക്കുന്നത്.

*എല്ലാ പ്രദേശത്തും പാർപ്പിടങ്ങളുടെ വിന്യാസം ഒരുപോലെയാണോ?*

പാർപ്പിടങ്ങളുടെ സ്ഥാനനിർണയത്തിൽ മുഖ്യമായും പരിഗണിക്കുന്ന ഘടകങ്ങൾ എന്തെല്ലാമായിരിക്കും എന്ന് എഴുതിനോക്കൂ.

- അനുകൂലകാലാവസ്ഥ
- ജലലഭ്യത
- 
- 

ജനസംഖ്യ, പ്രധാന സാമ്പത്തികപ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മനുഷ്യവാസസ്ഥലങ്ങളെ രണ്ടായി തിരിക്കാം.

- ഗ്രാമീണ വാസസ്ഥലങ്ങൾ
- നഗര വാസസ്ഥലങ്ങൾ

### ഗ്രാമീണ വാസസ്ഥലങ്ങൾ (Rural Settlements)

താരതമ്യേന കുറഞ്ഞ ജനസംഖ്യയുള്ളതും ജനങ്ങൾ മുഖ്യമായും കാർഷിക വൃത്തിയെ ആശ്രയിച്ചു ജീവിക്കുന്നതുമായ പ്രദേശങ്ങളെ ഗ്രാമീണ വാസസ്ഥലങ്ങൾ എന്നു വിളിക്കുന്നു. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തിയാണ് പൊതുവെ പാർപ്പിടങ്ങൾ നിർമിക്കുന്നത്.

#### വിവിധതരം ഗ്രാമീണ വാസസ്ഥലങ്ങൾ


*ചിത്രം 8.5 കേന്ദ്രീകൃത വാസസ്ഥലങ്ങൾ*

പാർപ്പിടങ്ങളുടെ വിന്യാസരീതിക്കനുസരിച്ച് പൊതുവെ രണ്ടു തരത്തിൽ ഗ്രാമീണ വാസസ്ഥലങ്ങൾ കാണപ്പെടുന്നു.

ചിത്രങ്ങൾ ശ്രദ്ധിക്കൂ (ചിത്രം 8.5, 8.6). ഇതിൽ പാർപ്പിടങ്ങൾ തമ്മിലുള്ള അകലത്തിൽ എന്തു വ്യത്യാസമാണ് നിങ്ങൾക്ക് കാണാൻ കഴിയുന്നത്?

അനുകൂലസാഹചര്യങ്ങളുള്ള പ്രദേശങ്ങളിൽ വളരെ അടുത്തടുത്തായി നിരവധി പാർപ്പിടങ്ങൾ കേന്ദ്രീകരിച്ചു കാണുന്നു. ഇത്തരം ജനവാസമേഖലകളെ കേന്ദ്രീകൃത വാസസ്ഥലങ്ങൾ (Nucleated

pscnet.in


settlements) എന്നു പറയും (ചിത്രം 8.5). ഫല പുഷ്ടമായ നദീതട സമതലങ്ങളിൽ ഇത്തര ത്തിൽ വാസസ്ഥലങ്ങൾ രൂപപ്പെടാറുണ്ട്. ജന ങ്ങൾക്കിടയിലെ ഉയർന്ന സാമൂഹികബന്ധവും തൊഴിലിലെ സമാനസ്വഭാവവും ഇത്തരം വാസ സ്ഥലങ്ങളുടെ പ്രത്യേകതയാണ്.


ചിത്രം 8.6 *വിസരിത വാസസ്ഥലങ്ങൾ*

രണ്ടാമത്തെ ചിത്രത്തിൽ കാണുന്നതുപോലെ പാർപ്പിടങ്ങൾ പരസ്പരം അകന്നു സ്ഥിതിചെ യ്യുന്ന ജനവാസമേഖലകളെ വിസരിത വാസ സ്ഥലങ്ങൾ (Dispersed settlements) (ചിത്രം 8.6) എന്നാണ് പറയുന്നത്. നിമ്നോന്നതമായ ഭൂപ്രകൃതിയും മറ്റു പ്രതികൂല സാഹചര്യങ്ങളും ഇത്തര ത്തിൽ ജനങ്ങൾ ഒറ്റപ്പെട്ട് ജീവിക്കുന്നതിന് കാരണമാകുന്നു. ആരാധനാലയ ങ്ങൾ, കമ്പോളങ്ങൾ തുടങ്ങിയ സാംസ്കാരികസവിശേഷതകൾ ഇവിടെ ജനങ്ങളെ പരസ്പരം കൂട്ടിയിണക്കുന്നു.

*നിങ്ങളുടെ വീട് കേന്ദ്രീകൃത വാസസ്ഥലത്തിലാണോ വിസരിത വാസ സ്ഥലത്തിലാണോ ഉൾപ്പെടുന്നത്?*



മുകളിൽ സൂചിപ്പിച്ചവയിൽ നിന്നു വ്യത്യസ്തമായി വീടുകൾ പൂർണമായും കേന്ദ്രീകൃതമോ വിസരിതമോ അല്ലാത്ത ചില പ്രദേശങ്ങളുമുണ്ട്. ഇത്തരം വാസസ്ഥലങ്ങളെ അർധ കേന്ദ്രീകൃത വാസസ്ഥലങ്ങൾ (Semi-clustered settlements) എന്നാണ് വിളിക്കുക.

ഉയർന്ന ജനസംഖ്യയും സ്ഥലപരിമിതിയും കാരണം കേരളത്തിൽ മേൽപ്പ റഞ്ഞ തരത്തിൽ ഗ്രാമീണവാസസ്ഥലങ്ങളെ വേർതിരിച്ച് കാണാൻ സാധി ക്കില്ല എന്നോർക്കുമല്ലോ.

### ഗ്രാമീണ വാസസ്ഥലമാതൃകകൾ

യാത്രാസൗകര്യം, ജലലഭ്യത തുടങ്ങിയ അനുകൂല ഘടകങ്ങൾ അടിസ്ഥാ നമാക്കി കേന്ദ്രീകൃത വാസസ്ഥലങ്ങൾ വ്യത്യസ്ത ആകൃതികൾ പ്രാപിക്കു ന്നു. ഒരു കൂട്ടം പാർപ്പിടങ്ങളെ ഉയർന്ന പ്രദേശങ്ങളിൽനിന്ന് വീക്ഷിച്ചാൽ വിവിധ ആകൃതികൾ ദൃശ്യമാകും. ചിത്രം നിരീക്ഷിച്ച് (ചിത്രം 8.7) ഇത്തരം ചില ആകൃതികൾ മനസ്സിലാക്കൂ.


ഇവ കൂടാതെ പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് ചതുരാകൃതി, ത്രികോ ണാകൃതി തുടങ്ങി വിവിധ മാതൃകകളിൽ ഗ്രാമീണവാസസ്ഥലങ്ങൾ രൂപ പ്പെടാറുണ്ട്.

pscnet.in



രേഖീയ മാതൃക (Linear pattern)

- റോഡ്, നദി, തീരരേഖ എന്നിവയ്ക്ക് സമാന്തരമായി വികസിച്ചുവരുന്ന വാസസ്ഥല മാതൃക.




വൃത്താകാര മാതൃക (Circular pattern)

- ജലാശയങ്ങൾ, മേച്ചിൽപ്പുറങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങിയ സവിശേഷതകളെ ചുറ്റി രൂപം കൊള്ളുന്ന വാസസ്ഥല മാതൃക.

**വാസസ്ഥല മാതൃകകൾ**

(ചിത്രം 8.7)



നക്ഷത്രമാതൃക (Star pattern)

- വിവിധ റോഡുകൾ സന്ധിക്കുന്ന ഇടങ്ങളിൽ രൂപം കൊള്ളുന്ന വാസസ്ഥല മാതൃക.

## നഗരവാസസ്ഥലങ്ങൾ (Urban settlement)

പൊതുവെ ഉയർന്ന ജനസംഖ്യയുള്ളതും ജനങ്ങൾ മുഖ്യമായും കാർഷികേതര മേഖലയെ ആശ്രയിച്ചു ജീവിക്കുന്നതുമായ പാർപ്പിടസമുച്ചയങ്ങളെ

നഗരവാസസ്ഥലങ്ങൾ എന്നു വിളിക്കുന്നു. നഗരവാസസ്ഥലങ്ങൾ പൊതുവെ കേന്ദ്രീകൃത വാസസ്ഥലങ്ങളാണ്. ഗ്രാമീണ മേഖലകളിൽനിന്നു തികച്ചും വ്യത്യസ്തമായ സാമ്പത്തിക-സാംസ്കാരിക സാഹചര്യങ്ങളാണ് നഗരവാസസ്ഥലങ്ങളുടേത്.

ഗ്രാമീണ കാർഷിക സമ്പദ്‌വ്യവസ്ഥയിൽനിന്നും നഗരകേന്ദ്രീകൃതമായ വ്യാവസായിക-സേവന മേഖലകളിലേക്കുള്ള ജനസംഖ്യാമാറ്റത്തെ നഗരവൽക്കരണം (Urbanization) എന്നു വിശേഷിപ്പിക്കുന്നു. നഗരവൽക്കരണത്തിലൂടെ നഗരജനസംഖ്യ (Urban Population) എക്കാലവും വർധിച്ചുവരുന്നു.

2011 സെൻസസ് പ്രകാരം ഇന്ത്യയിലെ നഗരജനസംഖ്യ 31.16% ആണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നഗരജനസംഖ്യാനുപാതത്തിൽ വ്യത്യാസം നിലനിൽക്കുന്നു. 62.17% നഗരജനസംഖ്യയുള്ള ഗോവയാണ് ഒന്നാം സ്ഥാനത്ത്. ഹിമാചൽപ്രദേശാണ് ഏറ്റവും പിന്നിൽ (10.04%). കേരളത്തിൽ 47.72% ആണ് നഗരജനസംഖ്യ. ദേശീയതലസ്ഥാന പ്രദേശമായ ഡൽഹിയിൽ നഗരജനസംഖ്യ 97.50% ആണ്. കേന്ദ്രഭരണപ്രദേശങ്ങളിൽ പൊതുവേ ഉയർന്ന നഗരജനസംഖ്യയാണുള്ളത്.

ഇന്ത്യയിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് ഒരു വാസസ്ഥലത്തിന് നഗരപദവി നൽകുന്നത്.

- 5000 ത്തിൽ കൂടുതൽ ജനസംഖ്യയുണ്ടാകണം.
- ചതുരശ്രകിലോമീറ്ററിൽ 400 ൽ അധികം ജനസാന്ദ്രതയുണ്ടാകണം.
- 75% ത്തിലധികം പേർ കാർഷികേതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കണം.

കൂടാതെ മുനിസിപ്പാലിറ്റികൾ, കോർപറേഷനുകൾ തുടങ്ങിയ നഗരഭരണ കേന്ദ്രങ്ങളെയും സൈനികപ്പാളയങ്ങളെയും മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പരിഗണിക്കാതെതന്നെ നഗരമായി കണക്കാക്കുന്നു.

### ജനസംഖ്യ അടിസ്ഥാനമാക്കി നഗരങ്ങളുടെ വർഗീകരണം

ഇന്ത്യയിലെ നഗരങ്ങളെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ആറായി തിരിച്ചിട്ടുണ്ട്. പട്ടിക നിരീക്ഷിച്ച് അതെങ്ങനെയെന്ന് മനസ്സിലാക്കൂ.

| നഗരത്തിന്റെ പദവി | ജനസംഖ്യ |
|---|---|
| ക്ലാസ് I നഗരം | 1 ലക്ഷത്തിൽ കൂടുതൽ |
| ക്ലാസ് II നഗരം | 50000 - 1 ലക്ഷം വരെ |
| ക്ലാസ് III നഗരം | 20000 - 50000 വരെ |
| ക്ലാസ് IV നഗരം | 10000 - 20000 വരെ |
| ക്ലാസ് V നഗരം | 5000 - 10000 വരെ |
| ക്ലാസ് VI നഗരം | 5000 ത്തിൽ താഴെ |

(Census 2001)

pscnet.in

ജനസംഖ്യാവലിപ്പമനുസരിച്ച് നഗരപ്രദേശങ്ങളെ വിവിധ പേരുകളിൽ അറിയപ്പെടുന്നു.

**നഗരപ്രദേശങ്ങൾ**

**പട്ടണം (Town)**

ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള ചെറിയ നഗരപ്രദേശങ്ങൾ.




**മെഗാനഗരം (Megacity)**

അനേകം നഗരങ്ങൾ ചേർന്ന് രൂപംകൊള്ളുന്ന 50 ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരസമുച്ചയം.



**നഗരം (City)**

ഒരു ലക്ഷത്തിലധികവും പത്തുലക്ഷത്തിൽ താഴെയും ജനസംഖ്യയുള്ള നഗരങ്ങൾ.



**മെട്രോപൊളിറ്റൻ നഗരം (Metropolis)**


പത്തുലക്ഷത്തിലധികം ജനസംഖ്യയുള്ള വൻ നഗരങ്ങൾ.



*ഭൂപടം നിരീക്ഷിച്ച് (ചിത്രം 8.8) ഇന്ത്യയിലെ മെട്രോപൊളിറ്റൻ നഗരങ്ങൾ തിരിച്ചറിയുക.*



pscnet.in


ചിത്രം 8.8

## സേവനങ്ങൾ അടിസ്ഥാനമാക്കി നഗരങ്ങളുടെ വർഗീകരണം

നഗരങ്ങളെ അവ നൽകുന്ന പ്രധാന സേവനങ്ങളുടെ അടിസ്ഥാനത്തിലും തരംതിരിക്കാം. ഇന്ത്യയിലെ വിവിധ വിഭാഗം നഗരങ്ങൾ ഏതെല്ലാമെന്ന് പട്ടികയിൽനിന്നു മനസ്സിലാക്കി ഓരോന്നിനും കൂടുതൽ ഉദാഹരണങ്ങൾ ചർച്ചയിലൂടെ കണ്ടെത്തി എഴുതൂ.

നഗരങ്ങൾ
↓
സേവനങ്ങൾ/ധർമങ്ങളുടെ അടിസ്ഥാനത്തിൽ

| ഭരണം | വ്യവസായം | വിദ്യാഭ്യാസം | സുഖവാസം | മത/സാംസ്കാരികം |
|---|---|---|---|---|
| • ഗാന്ധിനഗർ | • ഹൂഗ്ലി | • അലിഗഡ് | • നൈനിറ്റാൾ | • ഹരിദ്വാർ |
| • ശ്രീനഗർ | • കോയമ്പത്തൂർ | • | • സിംല | • മധുര |
| • | • | • | • | • |
| • | • | • | • | • |

## നഗരങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ



ചിത്രം 8.9

ഗ്രാമങ്ങളിൽനിന്നു നഗരങ്ങളിലേക്കുള്ള കുടിയേറ്റം പതിൻമടങ്ങായി വർധിച്ചിരിക്കുന്നു. വലിയ നഗരങ്ങളിലെല്ലാം അവയ്ക്ക് ഉൾക്കൊള്ളാൻ പറ്റുന്നതിലും കൂടുതൽ ജനങ്ങളാണ് അധിവസിക്കുന്നത്. നഗരവൽക്കരണം പല പ്രശ്നങ്ങളും ഉണ്ടാക്കുന്നു. അവ എന്തെല്ലാമാണെന്ന് പരിശോധിക്കാം. ചിത്രങ്ങൾ (ചിത്രം 8.9) ശ്രദ്ധിക്കൂ. നഗരങ്ങൾ നേരിടുന്ന ചില പ്രധാന പ്രശ്നങ്ങളാണ് നിങ്ങൾ കണ്ടത്. ഇത്തരത്തിലുള്ള കൂടുതൽ പ്രശ്നങ്ങൾ കണ്ടെത്തി എഴുതൂ.

- ചേരികൾ
- ഗതാഗതപ്രശ്നങ്ങൾ
- മലിനീകരണം
- 

6HUBHX

ഇന്ത്യയുൾപ്പെടെയുള്ള വികസ്വരരാജ്യങ്ങളിൽ നഗരവൽക്കരണം അതിവേഗത്തിൽ വർധിച്ചുവരുന്നു. നഗരവൽക്കരണം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇവയെ ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കാൻ നമുക്കാവില്ലേ? പരിഹാരമാർഗങ്ങൾ നിർദേശിക്കൂ.

pscnet.in


- നഗരാസൂത്രണം
- മാലിന്യസംസ്കരണം
- 



*'നഗരങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും അവ ലഘൂകരിക്കാനുള്ള മാർഗങ്ങളും' എന്ന വിഷയത്തിൽ സെമിനാർ പേപ്പർ തയാറാക്കി ക്ലാസിൽ അവതരിപ്പിക്കൂ.*

ജനസംഖ്യാസംബന്ധമായ കണക്കുകളുടെ പ്രസക്തി ഇപ്പോൾ ബോധ്യമായല്ലോ. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം താളാത്മകമായി നിലനിർത്തിയാൽ മാത്രമേ മാനവപുരോഗതി സാധ്യമാകൂ.



## വിലയിരുത്താം

- ജനസംഖ്യാവിതരണത്തിൽ നിർണായക സ്വാധീനമാണ് ഭൂപ്രകൃതിക്കുള്ളത്. ഇന്ത്യയിലെ ജനസംഖ്യാവിതരണം മുൻനിർത്തി പ്രസ്താവന സാധൂകരിക്കുക.
- ആകർഷക കുടിയേറ്റങ്ങൾക്കു കാരണമായ ഘടകങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുക.
- താഴെ പറയുന്ന നഗരങ്ങളെ പ്രധാന ധർമത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പട്ടികപ്പെടുത്തുക.
  - തിരുവനന്തപുരം
  - വാരണാസി
  - ഹൂഗ്ലി
  - മധുര
  - കോയമ്പത്തൂർ
  - ന്യൂഡൽഹി



## തുടർപ്രവർത്തനങ്ങൾ

- നഗരങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിക്കുന്ന ചിത്രശേഖരണം നടത്തി സ്കൂളിൽ പോസ്റ്റർ പ്രദർശനം സംഘടിപ്പിക്കുക.
- 2011 സെൻസസ് റിപ്പോർട്ട് വിശകലനം ചെയ്ത് ജനസംഖ്യാവിവരങ്ങളുടെ ഗ്രാഫുകൾ, ഭൂപടങ്ങൾ, പട്ടികകൾ തുടങ്ങിയവ തയാറാക്കുക.

pscnet.in



9

# സമ്പദ്‌വ്യവസ്ഥകളും സാമ്പത്തികനയങ്ങളും




ചിത്രത്തിൽ നൽകിയിരിക്കുന്ന ഭൂമി, ഫാക്ടറി, ഗതാഗതം, സാങ്കേതികവിദ്യ തുടങ്ങിയവ സാധനങ്ങളും സേവനങ്ങളും ഉൽപ്പാദിപ്പിക്കാനും വിതരണം ചെയ്യാനുമുള്ള ചില ഉപാധികളാണ്. ഇത്തരം ഉൽപ്പാദനോപാധികളുടെ ഉടമസ്ഥത ആർക്കാണ് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

ഉൽപ്പാദനോപാധികളുടെ ഉടമസ്ഥത വിവിധ രാജ്യങ്ങളിൽ വ്യത്യസ്ത തരത്തിലാണ്. ചില രാജ്യങ്ങളിൽ ഉൽപ്പാദനോപാധികളുടെ ഉടമസ്ഥത മുഖ്യമായും സ്വകാര്യ വ്യക്തികളിലാണ്.

pscnet.in


എന്നാൽ മറ്റു ചില രാജ്യങ്ങളിൽ ഇവ പ്രധാനമായും പൊതു ഉടമസ്ഥതയിലായിരിക്കും. വേറെ ചില രാജ്യങ്ങളിൽ പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും ഒരുപോലെ പങ്കാളിത്തം ഉണ്ടായിരിക്കും. ഭൂമി, മൂലധനം, അസംസ്കൃതവസ്തുക്കൾ മുതലായ ഉൽപ്പാദനോപാധികളുടെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ സമ്പദ്‌വ്യവസ്ഥകളെ മൂന്നായി തിരിക്കാറുണ്ട്.




എന്തൊക്കെയാണ് ഈ സമ്പദ്‌വ്യവസ്ഥകളുടെ പ്രത്യേകതകളെന്ന് പരിശോധിക്കാം.

## മുതലാളിത്ത സമ്പദ്‌വ്യവസ്ഥ

ഉൽപ്പാദനോപാധികൾ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ലാഭം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതുമായ സമ്പദ്‌വ്യവസ്ഥയാണ് മുതലാളിത്തസമ്പദ്‌വ്യവസ്ഥ. അതിന്റെ മറ്റു സവിശേഷതകൾ താഴെ പറയുന്നു.

- സംരംഭകർക്ക് ഏത് ഉൽപ്പന്നവും ഉൽപ്പാദിപ്പിക്കാനുള്ള സ്വാതന്ത്ര്യം.
- സ്വകാര്യസ്വത്തവകാശം
- ലാഭം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം.
- പാരമ്പര്യ സ്വത്തുകൈമാറ്റരീതി
- വിലനിയന്ത്രണമില്ലാത്ത സ്വതന്ത്രമായ കമ്പോളം.
- ഉപഭോക്താക്കളുടെ പരമാധികാരം
- ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സംരംഭകരുടെ പരസ്പരമൽസരം.

മുതലാളിത്തസമ്പദ്‌വ്യവസ്ഥയിൽ സാമ്പത്തികപ്രവർത്തനങ്ങളിലെ സർക്കാർ ഇടപെടലുകൾ വളരെ കുറവാണ്. ക്രമസമാധാനപാലനവും വൈദേശിക ആക്രമണങ്ങളെ പ്രതിരോധിക്കലുമായിരുന്നു രാഷ്ട്രത്തിന്റെ പ്രധാന ചുമതല. ഇത്തരം രാഷ്ട്രങ്ങളെ 'പോലീസ് സ്റ്റേറ്റ്' എന്നു വിളിച്ചിരുന്നു.

സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനപ്രശ്നങ്ങളെക്കുറിച്ച് നിങ്ങൾ മുൻ ക്ലാസിൽ പഠിച്ചിട്ടുണ്ടല്ലോ. എന്ത് ഉൽപ്പാദിപ്പിക്കണം, എങ്ങനെ ഉൽപ്പാദിപ്പിക്കണം, ആർക്കു വേണ്ടി ഉൽപ്പാദിപ്പിക്കണം എന്നീ അടിസ്ഥാനപ്രശ്നങ്ങൾ മുതലാളിത്തസമ്പദ്‌വ്യവസ്ഥയിൽ പരിഹരിക്കപ്പെടുന്നത് വിലസംവിധാനത്തിലൂടെയാണ്.

pscnet.in

സാധനങ്ങളുടെയും സേവനങ്ങളുടെയും വില വർധിക്കുമ്പോൾ സംരംഭകർ ഉൽപ്പാദനം വർധിപ്പിച്ച് കൂടുതൽ ലാഭമുണ്ടാക്കാൻ ശ്രമിക്കും. എന്നാൽ ഉൽപ്പന്നങ്ങൾക്ക് വില കൂടുമ്പോൾ പൊതുവെ ആവശ്യക്കാർ കുറയുകയും സംരംഭകർക്ക് ഉൽപ്പാദനം കുറയ്ക്കേണ്ടിവരുകയും ചെയ്യുന്നു. അതുപോലെ സാധനങ്ങളുടെയും സേവനങ്ങളുടെയും വില കുറയുമ്പോൾ സംരംഭകർ ഉൽപ്പാദനം കുറയ്ക്കാൻ ശ്രമിക്കും. എന്നാൽ ഉൽപ്പന്നങ്ങൾക്ക് വില കുറയുമ്പോൾ ആവശ്യക്കാർ കൂടുകയും സംരംഭകർ ഉൽപ്പാദനം വർധിപ്പിക്കുകയും ചെയ്യും.

ഇങ്ങനെ വിലയിലെ ഏറ്റക്കുറച്ചിലുകൾ ഉൽപ്പാദകരെയും ആവശ്യക്കാരെയും സ്വാധീനിക്കുന്നതിന്റെ ഫലമായി സാധനങ്ങളുടെയും സേവനങ്ങളുടെയും ലഭ്യത നിയന്ത്രിക്കപ്പെടുന്നതാണ് വിലസംവിധാനം.



*ഉൽപ്പന്നത്തിന്റെ വില കൂടുമ്പോൾ സംരംഭകർ ഉൽപ്പാദനം വർധിപ്പിക്കുകയും വില കുറയുമ്പോൾ ഉൽപ്പാദനം കുറയ്ക്കുകയും ചെയ്യുന്നതിന് ഉദാഹരണങ്ങൾ കണ്ടെത്തുക.*

മുതലാളിത്തസമ്പദ്വ്യവസ്ഥയുടെ പല സവിശേഷതകളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഉദാഹരണത്തിന്, സ്വകാര്യസ്വത്തവകാശവും പാരമ്പര്യ സ്വത്തുകൈമാറ്റരീതിയും നിലനിൽക്കുന്നത് ചിലരുടെ പക്കൽ സമ്പത്ത് കുന്നുകൂടുന്നതിന് വഴിയൊരുക്കുന്നു. ഇത് സമൂഹത്തിൽ സാമ്പത്തിക അന്തരം വർധിക്കാൻ കാരണമാകുന്നു.



*മുതലാളിത്തസമ്പദ്വ്യവസ്ഥയുടെ സവിശേഷതകൾ ചർച്ചചെയ്ത് അതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.*

മുതലാളിത്തത്തിന് ദോഷവശങ്ങൾ ഉണ്ടെന്ന് മനസ്സിലായല്ലോ. ഈ ദോഷങ്ങൾ മറികടക്കാൻ രൂപംകൊണ്ടതാണ് സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ.

## സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ

ഉൽപ്പാദനോപാധികൾ പൊതു ഉടമസ്ഥതയിലുള്ളതും കേന്ദ്രീകൃത ആസൂത്രണം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നതുമായ സമ്പദ്വ്യവസ്ഥയാണ് സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ. ഈ സമ്പദ്വ്യവസ്ഥയുടെ മറ്റു സവിശേഷതകൾ പരിശോധിക്കാം.

- ജനക്ഷേമം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം.
- സ്വകാര്യസംരംഭകരുടെ അഭാവം.
- സ്വകാര്യസ്വത്തവകാശം, പാരമ്പര്യ സ്വത്തുകൈമാറ്റരീതി എന്നിവയുടെ അഭാവം.
- സാമ്പത്തികസമത്വം

സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനപ്രശ്നങ്ങൾ സോഷ്യലിസത്തിൽ പരിഹരിക്കപ്പെടുന്നത് ആസൂത്രണത്തിലൂടെയാണ്. എന്ത് ഉൽപ്പാദിപ്പിക്കണം, എങ്ങനെ ഉൽപ്പാദിപ്പിക്കണം, ആർക്കു വേണ്ടി ഉൽപ്പാദിപ്പിക്കണം എന്നെല്ലാം ആസൂത്രണം ചെയ്ത് ജനക്ഷേമം ലക്ഷ്യമാക്കി ഉൽപ്പാദനവും വിതരണവും നടത്തുന്നു. രാജ്യത്തിന് ആവശ്യമുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് കണ്ടെത്തി അതിനനുസരിച്ച് ഉൽപ്പാദനം നിയന്ത്രിക്കുന്നു. വില മുൻകൂട്ടി നിശ്ചയിക്കുന്നതിനാൽ വിലസംവിധാനത്തിന് സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിൽ പ്രാധാന്യമില്ല.

സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയും പ്രശ്നങ്ങളിൽനിന്നു മുക്തമല്ല. എല്ലാ മേഖലകളിലും മുതൽമുടക്കാനുള്ള സാമ്പത്തികശേഷി പൊതുമേഖലയ്ക്ക് കുറവായിരിക്കും. ഇത് സാമ്പത്തികവളർച്ചയെ പ്രതികൂലമായി ബാധിക്കും. സ്വകാര്യസ്വത്തവകാശവും പാരമ്പര്യ സ്വത്തുകൈമാറ്റരീതിയും ഇല്ലാത്ത സാഹചര്യത്തിൽ ആളുകൾ കൂടുതൽ അധ്വാനിക്കാനുള്ള താൽപ്പര്യം കാണിക്കണമെന്നില്ല. കമ്പോളത്തിൽ ഉപഭോക്താവിന് ഉൽപ്പന്നങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കുറവായിരിക്കും.

*മുതലാളിത്തസമ്പദ്‌വ്യവസ്ഥയുടെയും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെയും സവിശേഷതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.*



## മിശ്രസമ്പദ്‌വ്യവസ്ഥ

മുതലാളിത്തസമ്പദ്‌വ്യവസ്ഥയുടെയും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെയും ചില സവിശേഷതകൾ ചേർന്നതാണ് മിശ്രസമ്പദ്‌വ്യവസ്ഥ. മിശ്ര സാമ്പത്തികക്രമം നിലനിൽക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. ഈ സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകൾ എന്തൊക്കെയാണെന്ന് നോക്കാം.

- പൊതുമേഖലയും സ്വകാര്യമേഖലയും നിലനിൽക്കുന്നു.
- ആസൂത്രണത്തിലധിഷ്ഠിതമായി പ്രവർത്തിക്കുന്നു.
- ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.
- സ്വകാര്യസ്വത്തവകാശത്തിനുള്ള സ്വാതന്ത്ര്യവും സാമ്പത്തികനിയന്ത്രണവും ഒരുപോലെ നിലനിൽക്കുന്നു.

*'മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെയും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെയും സവിശേഷതകൾ മിശ്രസമ്പദ്‌വ്യവസ്ഥയിൽ ഉൾപ്പെട്ടിട്ടുണ്ട്.' പ്രസ്താവന സാധൂകരിക്കുക.*



ഇന്ന് ലോകത്ത് മുതലാളിത്ത സമ്പദ്‌വ്യവസ്ഥയും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയും പൂർണമായ അർഥത്തിൽ കാണാൻ കഴിയില്ല. യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക, യുണൈറ്റഡ് കിങ്ഡം തുടങ്ങിയ മുതലാളിത്ത രാജ്യങ്ങൾ സർക്കാർ നിയന്ത്രണങ്ങളോടെയാണ് പ്രവർത്തിക്കുന്നത്. സോഷ്യലിസ്റ്റ് രാജ്യങ്ങളായി കണക്കാക്കുന്ന ക്യൂബയും ചൈനയും

സ്വകാര്യസ്വത്തവകാശവും സ്വതന്ത്രകമ്പോളവും അനുവദിച്ചിട്ടുണ്ട്. അതായത് രാജ്യങ്ങളുടെ സാമ്പത്തികനയങ്ങളിൽ പല തരത്തിലുള്ള മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

## മാറുന്ന സാമ്പത്തികനയം

സാമ്പത്തികവളർച്ച ലക്ഷ്യമാക്കി പൊതുവെ എല്ലാ രാജ്യങ്ങളും സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. സ്വകാര്യ സംരംഭകരെ ക്ഷണിക്കാനും വിദേശനിക്ഷേപകരെ ആകർഷിക്കാനും സർക്കാറുകൾ തയാറാകുന്നു. ഇത്തരം സാമ്പത്തികനയങ്ങളുടെ ഫലമായി രാജ്യങ്ങളുടെ അതിർത്തികൾ ഭേദിച്ചുകൊണ്ട് മൂലധനത്തിന്റെയും സാധന-സേവനങ്ങളുടെയും സാങ്കേതികപരിജ്ഞാനത്തിന്റെയും കുത്തൊഴുക്കുണ്ടായി. പുതിയതും വൈവിധ്യമാർന്നതുമായ ഉൽപ്പന്നങ്ങൾ ധാരാളമായി വിപണിയിലെത്തുന്നു. ഉദാഹരണത്തിന്, ചുരുക്കം ചില മോഡലുകൾ മാത്രമുണ്ടായിരുന്ന ഇന്ത്യൻ കാർവിപണിയിൽ ഇന്ന് വിവിധ കമ്പനികളുടെ അനേകം മോഡലുകൾ കാണാൻ കഴിയും. മറ്റ് ഉദാഹരണങ്ങൾ ചർച്ചയിലൂടെ കണ്ടെത്തുമല്ലോ.



*ഫോൺവിപണിയിലെ വൈവിധ്യം*

ശക്തമായ പൊതുമേഖലയും നിയന്ത്രണവിധേയമായ വിദേശവ്യാപാരവും നിലനിർത്തിയിരുന്ന ഇന്ത്യയിലും സാമ്പത്തികനയങ്ങളിൽ മാറ്റമുണ്ടായി. കൂടുതൽ വിദേശമൂലധനം ആകർഷിക്കാനും വിദേശവ്യാപാരം ശക്തിപ്പെടുത്താനുമുള്ള ശ്രമങ്ങളുണ്ടായി. 1991-ൽ ആരംഭിച്ച ഈ നയംമാറ്റത്തിന്റെ കാതൽ ഉദാരവൽക്കരണം (Liberalization), സ്വകാര്യവൽക്കരണം, (Privatization), ആഗോളവൽക്കരണം (Globalization) എന്നിവയാണ്. ഇവയോരോന്നും സംക്ഷിപ്തമായി പ്രതിപാദിക്കാം.

## ഉദാരവൽക്കരണം

രാഷ്ട്രത്തിന്റെ സാമ്പത്തികപ്രവർത്തനങ്ങളിലുള്ള സർക്കാർ നിയന്ത്രണങ്ങളും സ്വാധീനവും പരിമിതപ്പെടുത്തലാണ് ഉദാരവൽക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഉദാരവൽക്കരണ നടപടികൾക്ക് 1985-ൽ തുടക്കം കുറിച്ചിരുന്നു. ചുവടെ സൂചിപ്പിക്കുന്ന മാറ്റങ്ങൾ ഉദാരവൽക്കരണത്തിന്റെ ഫലമായി നടപ്പിലാക്കി.

- വ്യവസായങ്ങൾ തുടങ്ങാനുള്ള നിയന്ത്രണങ്ങൾ ലഘൂകരിച്ചു.

pscnet.in


- ഇറക്കുമതിച്ചുങ്കവും നികുതികളും കുറച്ചു.
- വിദേശവിനിമയ ചട്ടങ്ങളിൽ മാറ്റം വരുത്തി.
- കമ്പോളനിയന്ത്രണങ്ങൾ പിൻവലിച്ചു.
- കൂടുതൽ മേഖലകളിൽ വിദേശനിക്ഷേപം അനുവദിച്ചു.
- അടിസ്ഥാന സൗകര്യവികസനം, അടിസ്ഥാനവ്യവസായങ്ങൾ എന്നിവയിലെ സർക്കാർ പങ്കാളിത്തം കുറച്ചു.

മാത്രമല്ല, ഉദാരവൽക്കരണത്തിന്റെ ഭാഗമായി ചില മേഖലകളിൽ സർക്കാർ ഇടപെടലുകൾ കുറഞ്ഞു. അതോടെ സ്വകാര്യമേഖലയുടെ പ്രാധാന്യം വർധിച്ചു.



### വിദേശനാണയ പ്രതിസന്ധി

ഓരോ രാജ്യത്തിനും വിദേശനാണയത്തിന്റെ കരുതൽ ശേഖരം ഉണ്ടാവാറുണ്ട്. അന്താരാഷ്ട്ര വാണിജ്യത്തിന് ഉപയോഗിക്കാനായി അമേരിക്കൻ ഡോളർ, യൂറോ, പൗണ്ട് മുതലായ നാണയങ്ങളാണ് കരുതൽശേഖരത്തിൽ പ്രധാനമായും ഉണ്ടാവുക. സാധാരണയായി ഏകദേശം 10–12 ആഴ്ചത്തെ വിദേശവ്യാപാരത്തിനു വേണ്ട വിദേശനാണയം കരുതൽശേഖരത്തിൽ ഉണ്ടാവേണ്ടതാണ്. എന്നാൽ 1991 ൽ കഷ്ടിച്ച് രണ്ടാഴ്ചത്തെ ആവശ്യത്തിനുള്ള വിദേശനാണയം മാത്രമേ ഇന്ത്യയുടെ പക്കൽ ഉണ്ടായിരുന്നുള്ളൂ. കൂടുതൽ വിദേശവായ്പ സ്വീകരിക്കുക, വിദേശമൂലധനം ആകർഷിക്കുക, വിദേശവ്യാപാരം ശക്തിപ്പെടുത്തുക എന്നീ മാർഗങ്ങളിലൂടെ ഈ പ്രതിസന്ധി മറികടക്കാനാണ് സർക്കാർ ശ്രമിച്ചത്.

## സ്വകാര്യവൽക്കരണം

ഇന്ത്യയിൽ 1991 നു ശേഷം നിരവധി പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിച്ചു. മാരുതി ഉദ്യോഗ് ലിമിറ്റഡ്, മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നിവ സ്വകാര്യവൽക്കരിച്ച സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങളാണ്. പല പൊതുമേഖലാസ്ഥാപനങ്ങളുടെയും ഓഹരികൾ വിപണിയിലൂടെ വിറ്റഴിച്ചു. പൊതുമേഖലാസ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണവും അവയുടെ ഓഹരിവിപണനവും കൈകാര്യം ചെയ്യുന്നത് കേന്ദ്രസർക്കാറിന്റെ ധനകാര്യമന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഡിപാർട്ട്മെന്റ് ഓഫ് ഡിസ്ഇൻവെസ്റ്റ്മെന്റ് ആണ്.

സർക്കാറിനു മാത്രം പങ്കാളിത്തമുണ്ടായിരുന്ന പല മേഖലകളിലും സ്വകാര്യമേഖലയ്ക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. റോഡ്, വൈദ്യുതി, വാർത്താവിനിമയം, അടിസ്ഥാന വ്യവസായങ്ങൾ എന്നിവയിലൊക്കെ ഇന്ന് സ്വകാര്യമേഖല സജീവമാണ്. BOT, PPP എന്നീ രീതികളിൽ സ്വകാര്യമേഖലയുടെ പ്രവർത്തനങ്ങൾ കാണാവുന്നതാണ്. പല പുതിയ മേഖലകളും കമ്പോളത്തിന്റെ പരിധിയിലേക്കു വന്നതോടെ സ്വകാര്യവൽക്കരണം ശക്തിപ്പെട്ടിട്ടുണ്ട്.



### BOT (Build Operate and Transfer)

റോഡ്, പാലം മുതലായവ സ്വകാര്യസംരംഭകർ നിർമിക്കുകയും മുതൽമുടക്ക് ടോൾ പിരിവിലൂടെ തിരിച്ചുപിടിക്കുകയും പിന്നീട് അവ സർക്കാരിന് കൈമാറുകയും ചെയ്യുന്നു.

### PPP (Public Private Partnership)

ചില സംരംഭങ്ങൾ സർക്കാറും സ്വകാര്യസംരംഭകരും സംയുക്തമായി ആരംഭിക്കുന്നു. മുതൽമുടക്കിനനുസരിച്ച് ലാഭം പങ്കുവയ്ക്കുന്നു. കൊച്ചി രാജ്യാന്തര വിമാനത്താവളം (CIAL) ഇതിന് ഉദാഹരണമാണ്.

pscnet.in



ദേശീയപാതയിലെ ടോൾബൂത്ത്


കൊച്ചി രാജ്യാന്തര വിമാനത്താവളം

പ്രധാന റോഡുകളിലൂടെ കടന്നുപോകുന്ന വാഹനങ്ങളിൽനിന്ന് ടോൾ പിരിക്കുന്നത് കണ്ടിട്ടുണ്ടോ? ആരാണത് പിരിക്കുന്നത്? എന്തിനാണിങ്ങനെ ചെയ്യുന്നത്?

## ആഗോളവൽക്കരണം

ഉദാരവൽക്കരണത്തിന്റെ ഭാഗമായി വിദേശമൂലധന നിക്ഷേപം നടത്തുന്നതിനുള്ള നിയന്ത്രണങ്ങൾ മാറ്റിയതോടെ കൂടുതൽ മൂലധന നിക്ഷേപം നടത്താൻ വിദേശ സംരംഭകർ തയാറായി. അതിന്റെ ഫലമായി ആഗോളതലത്തിൽ മൂലധനപ്രവാഹം ശക്തിപ്പെട്ടു. ഇറക്കുമതിച്ചുങ്കവും നികുതികളും കുറച്ചുകൊണ്ട് രാജ്യങ്ങൾ തമ്മിലുണ്ടാക്കിയ സ്വതന്ത്രവ്യാപാരക്കരാറുകൾ കയറ്റുമതിയും ഇറക്കുമതിയും സുഗമമാക്കി. ആഗോളതലത്തിൽ തൊഴിലാളികളുടെ പ്രവാഹവും സാങ്കേതികവിദ്യയുടെ കൈമാറ്റവും വർധിച്ചു. അതോടൊപ്പം എല്ലാ രാജ്യങ്ങളിലെയും ഉൽപ്പന്നങ്ങളും സേവനങ്ങളും എല്ലാ കമ്പോളങ്ങളിലും ലഭ്യമായി. ലോകം ഒറ്റ കമ്പോളമായി മാറുന്ന അവസ്ഥ! കമ്പോളസൗഹൃദ സാമ്പത്തികനയങ്ങൾ രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ വളരാൻ ഇടയാക്കി.

രാജ്യത്തിന്റെ അതിർത്തികൾ കടന്നുള്ള മൂലധനപ്രവാഹം, തൊഴിലാളികളുടെ ഒഴുക്ക്, സാങ്കേതികവിദ്യയുടെ കൈമാറ്റം, സാധനങ്ങളുടെയും സേവനങ്ങളുടെയും ഒഴുക്ക് എന്നിവ മൂലം രാജ്യങ്ങൾ തമ്മിലുണ്ടായ പരസ്പര സാമ്പത്തിക ഏകോപനവും ആശ്രയത്വവുമാണ് ആഗോളവൽക്കരണം എന്നറിയപ്പെടുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നീ രംഗങ്ങളിലുണ്ടായ വളർച്ച വാർത്താവിനിമയം എളുപ്പമാക്കി. കണ്ടെയ്നർ കപ്പലുകൾ, വിമാനങ്ങൾ, ബുള്ളറ്റ് ട്രെയിനുകൾ മുതലായവ ഗതാഗതരംഗത്ത് കുതിച്ചുചാട്ടത്തിന് കാരണമായിത്തീർന്നു. ഈ മാറ്റങ്ങൾ ആഗോളവൽക്കരണത്തെ സഹായിച്ചു.



### വിദേശമൂലധനനിക്ഷേപം

ഒരു രാജ്യത്തെ മൂലധനം മറ്റൊരു രാജ്യത്തെ കമ്പനികൾ, ഭൂമി, ഓഹരികൾ, ബോണ്ടുകൾ ബാങ്ക് നിക്ഷേപങ്ങൾ തുടങ്ങിയവയിൽ നിക്ഷേപിക്കുന്നതാണ് വിദേശമൂലധന നിക്ഷേപം എന്നറിയപ്പെടുന്നത്.

ആഗോളവൽക്കരണം ശക്തമായപ്പോഴും മൂലധനവും സാങ്കേതികവിദ്യയും താരതമ്യേന കുറവായ പല വികസ്വരരാജ്യങ്ങൾക്കും അതിന്റെ

pscnet.in




ഗുണഫലങ്ങൾ അനുഭവിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അത്തരം രാജ്യങ്ങൾ വിദേശമൂലധനനിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി സർക്കാർ നിയന്ത്രണങ്ങൾ പരമാവധി കുറയ്ക്കാൻ തയാറായി. സർക്കാർ നിയന്ത്രണങ്ങളെ സമ്പൂർണമായി നിരാകരിക്കുന്ന പുത്തൻ സാമ്പത്തികനയങ്ങളെ നവ ഉദാരവൽക്കരണം (Neo Liberalization) എന്നു വിളിക്കുന്നു. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളായ അന്താരാഷ്ട്ര നാണയനിധി (IMF), ലോകബാങ്ക് (World Bank) എന്നിവ ആഗോളവൽക്കരണനയങ്ങൾ നടപ്പാക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നുണ്ട്. ലോക വ്യാപാരസംഘടനയുടെ ആവിർഭാവവും ബഹുരാഷ്ട്ര കമ്പനികളുടെ വളർച്ചയും ആഗോളവൽക്കരണത്തിന് ആക്കം കൂട്ടി.

## ലോക വ്യാപാരസംഘടന

6I47YK

രാജ്യങ്ങളുടെ കൂട്ടായ ചർച്ചകളിലൂടെ ലോകവ്യാപാരരംഗത്തെ നിയന്ത്രണങ്ങൾ പരമാവധി ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടായിരുന്നു. 1995 ജനുവരി 1 ന് ജനീവ ആസ്ഥാനമാക്കി ലോക വ്യാപാരസംഘടന (World Trade Organization) നിലവിൽ വന്നതോടെ ആ ശ്രമങ്ങൾ ശക്തിപ്പെട്ടു. ഈ സംഘടനയുടെ സ്ഥാപകരാജ്യങ്ങളിലൊന്നാണ് ഇന്ത്യ. 2015 ഏപ്രിലിലെ കണക്കനുസരിച്ച് 161 രാജ്യങ്ങൾ ലോക വ്യാപാരസംഘടനയിൽ അംഗങ്ങളാണ്.

WORLD TRADE ORGANIZATION

*ലോക വ്യാപാരസംഘടനയുടെ ചിഹ്നം*

ലോക വ്യാപാരസംഘടന നിലവിൽ വന്നത് ആഗോള വ്യാപാരരംഗത്തെ നിയന്ത്രണങ്ങൾ ഇല്ലാ

pscnet.in

### ലോകബാങ്കും അന്താരാഷ്ട്ര നാണയനിധിയും

1944 ലെ ബ്രട്ടൺവുഡ്സ് (അമേരിക്ക) സമ്മേളനത്തിന്റെ തീരുമാനപ്രകാരമാണ് ലോകബാങ്കും അന്താരാഷ്ട്ര നാണയനിധിയും നിലവിൽ വന്നത്. വാഷിങ്ടൺ ആണ് ഇവയുടെ ആസ്ഥാനം. സാമ്പത്തികപ്രതിസന്ധിയുള്ള രാജ്യങ്ങൾ സഹായത്തിനായി പലപ്പോഴും ഈ സ്ഥാപനങ്ങളെ സമീപിക്കുന്നു. വായ്പ ലഭിക്കുന്നതിനായി അവർ നിർദേശിക്കുന്ന ഉപാധികൾ രാജ്യങ്ങൾ നടപ്പിലാക്കേണ്ടി വരുന്നു. ഇത്തരം ഉപാധികൾ എല്ലാം തന്നെ ആഗോളവൽക്കരണത്തെ ശക്തിപ്പെടുത്തുന്നവയാണ്.

### പേറ്റന്റ്

പുതിയ സാങ്കേതികവിദ്യയോ ഉൽപ്പന്നമോ ഉൽപ്പാദനരീതിയോ കണ്ടുപിടിക്കുന്നവർക്ക് നിശ്ചിതകാലത്തേക്ക് അവയുടെ അവകാശം സംരക്ഷിക്കുന്നതിനായി നൽകുന്നതാണ് പേറ്റന്റ്.

താക്കി. ഈ സംഘടനയിലൂടെ രൂപപ്പെട്ട സ്വതന്ത്രവ്യാപാരക്കരാറുകളിലെ പ്രധാന നിർദേശങ്ങൾ ഇവയാണ്:

- ഇറക്കുമതിത്തീരുവ ഘട്ടംഘട്ടമായി കുറയ്ക്കുക.
- സബ്സിഡികൾ കുറയ്ക്കുക.
- പേറ്റന്റ് നിയമങ്ങൾ പരിഷ്കരിക്കുക.
- സേവനരംഗങ്ങളായ മാധ്യമങ്ങൾ, ടെലികോം, ബാങ്കിങ്, ഇൻഷുറൻസ് തുടങ്ങിയ മേഖലകളിലും വിദേശനിക്ഷേപം അനുവദിക്കുക.
- ആഭ്യന്തരനിക്ഷേപങ്ങൾക്കു നൽകുന്ന പരിഗണന വിദേശനിക്ഷേപങ്ങൾക്കും നൽകുക.

ഈ നയങ്ങളെല്ലാംതന്നെ ഉദാരവൽക്കരണത്തെയും ആഗോളവൽക്കരണത്തെയും ശക്തിപ്പെടുത്തുകയാണു ചെയ്തത്.

## ബഹുരാഷ്ട്ര കമ്പനികൾ

ഒരു രാജ്യത്ത് രജിസ്റ്റർ ചെയ്ത് നിരവധി രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികൾ ബഹുരാഷ്ട്ര കമ്പനികൾ എന്നറിയപ്പെടുന്നു. വലിയ മൂലധനവും ഉയർന്ന സാങ്കേതികവിദ്യയും കൈവശമുള്ള ഇത്തരം കമ്പനികൾ നവ ഉദാരവൽക്കരണത്തെ ഒരവസരമായി കണ്ടു. ഉൽപ്പന്നങ്ങൾ ഒരു രാജ്യത്ത് നിർമിച്ച് മറ്റു രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനു പകരം മൂലധനം വികസ്വരരാജ്യങ്ങളിൽ നിക്ഷേപിച്ച് അവിടത്തെ അസംസ്കൃതവസ്തുക്കളും തൊഴിലും കമ്പോളവും തങ്ങൾക്കനുകൂലമായി ഉപയോഗിക്കാൻ ഈ കമ്പനികൾക്കു കഴിഞ്ഞു.

ചില ബഹുരാഷ്ട്ര കമ്പനികളുടെ വിറ്റുവരവ് പല ചെറിയ വികസ്വരരാജ്യങ്ങളുടെയും ദേശീയവരുമാനത്തേക്കാൾ കൂടുതലാണെന്നു കാണാം. രാജ്യങ്ങളുടെ ആഭ്യന്തരനയങ്ങളിലും നിയമങ്ങളിലും തങ്ങൾക്കനുകൂലമായ മാറ്റങ്ങൾ കൊണ്ടുവരാൻ ബഹുരാഷ്ട്ര കമ്പനികൾക്ക് പലപ്പോഴും കഴിയുന്നുണ്ട്.

*ബഹുരാഷ്ട്ര കമ്പനികൾ മറ്റു കമ്പനികളിൽനിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.*

ബഹുരാഷ്ട്ര കമ്പനികൾ പലപ്പോഴും പ്രാദേശിക കമ്പനികളുമായി ചേർന്നുകൊണ്ടോ പ്രാദേശിക കമ്പനികളെ ഏറ്റെടുത്തുകൊണ്ടോ ആണ് ഉൽപ്പാദനം ആരംഭിക്കുക. അതുവഴി പ്രാദേശിക കമ്പനികളുടെ ഉൽപ്പാദന-വിതരണ സംവിധാനങ്ങൾ ഉപയോഗിച്ച് വേഗത്തിൽ ഉൽപ്പന്നം കമ്പോളത്തിലെത്തിക്കാൻ ബഹുരാഷ്ട്രകമ്പനികൾക്ക് കഴിയും. പ്രാദേശിക കമ്പനികൾക്കാട്ടെ, കൂടുതൽ മൂലധനവും ഉന്നത സാങ്കേതികപരിജ്ഞാനവും ലഭ്യ

pscnet.in


മാകും. മറ്റൊരു രീതിയിലും ബഹുരാഷ്ട്ര കമ്പനികൾ ഉൽപ്പാദനം നിയന്ത്രിക്കുന്നുണ്ട്. ഉൽപ്പന്നത്തിന്റെ നിർമാണം പ്രാദേശിക ചെറുകിട സംരംഭകരെ ഏൽപ്പിക്കുന്നു. അവരിൽനിന്ന് ലഭിക്കുന്ന ഉൽപ്പന്നം സ്വന്തം ബ്രാൻഡ് നാമത്തിൽ വിറ്റഴിക്കുന്നു. വസ്ത്രങ്ങൾ, ചെരുപ്പുകൾ, കായികോപകരണങ്ങൾ മുതലായവയുടെ നിർമാണം ഇതിന് ഉദാഹരണമാണ്. പല രാജ്യങ്ങളിലായി നിർമിക്കുന്ന ഭാഗങ്ങൾ ഏതെങ്കിലും ഒരു രാജ്യത്ത് കൂട്ടിയോജിപ്പിക്കുന്ന രീതിയും അവർ പരീക്ഷിക്കുന്നു. വാഹനനിർമാണത്തിൽ ഈ രീതി ഉപയോഗിക്കുന്നുണ്ട്.

നവ ഉദാരവൽക്കരണ ആശയങ്ങളാണ് കമ്പോളവൽക്കരണത്തിന്റെ ആവിർഭാവത്തിനിടയാക്കിയത്.



Made in Thailand | Made in China | Made in India

*ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ അവയിൽ ഇത്തരം ടാഗുകൾ കണ്ടിട്ടുണ്ടല്ലോ. യഥാർഥത്തിൽ ഈ ഉൽപ്പന്നങ്ങൾ പൂർണമായും ഈ രാജ്യങ്ങളിൽത്തന്നെ ഉൽപ്പാദിപ്പിച്ചതായിരിക്കുമോ? താഴെ തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.*

*• മൂലധനം • അസംസ്കൃതവസ്തുക്കൾ • സാങ്കേതികവിദ്യ • ഉൽപ്പന്ന ഭാഗങ്ങൾ കൂട്ടിയോജിപ്പിക്കൽ • സംഘാടകൻ*

## കമ്പോളവൽക്കരണം

പുതിയ സാമ്പത്തികനയങ്ങളുടെ ഫലമായി കമ്പോളം ഇന്ന് വളരെ സ്വതന്ത്രവും വ്യാപകവും ശക്തവുമായി മാറിക്കൊണ്ടിരിക്കുന്നു. കമ്പോളത്തിൻമേലുള്ള സർക്കാർ നിയന്ത്രണം ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അടിസ്ഥാന സൗകര്യവികസനം, അടിസ്ഥാന വ്യവസായങ്ങൾ, ബാങ്കിങ്, ഇൻഷുറൻസ് എന്നിങ്ങനെ പല പുതിയ മേഖലകളും കമ്പോളത്തിന്റെ പരിധിയിലേക്കുവന്നു. സർക്കാർ ഉടമസ്ഥതയിലുണ്ടായിരുന്ന പല സ്ഥാപനങ്ങളും സ്വകാര്യവൽക്കരിച്ച് കമ്പോളത്തിന്റെ ഭാഗമായി മാറി. എല്ലാം കമ്പോളത്തിൽ ലഭ്യമാണ്, അല്ലെങ്കിൽ കമ്പോളത്തിലേ ലഭ്യമാകൂ എന്ന രീതിയിലേക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു. ഈ പ്രവണത കമ്പോളവൽക്കരണം എന്നറിയപ്പെടുന്നു. ലാഭമാണ് കമ്പോളവൽക്കരണത്തിന്റെ പരമമായ ലക്ഷ്യം.

## പുതിയ സാമ്പത്തികനയങ്ങൾക്ക് അനുകൂലവും പ്രതികൂലവുമായ വാദങ്ങൾ

പുതിയ സാമ്പത്തികനയങ്ങൾക്ക് അനുകൂലവും പ്രതികൂലവുമായ നിരവധി വാദങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവ എന്തൊക്കെയാണെന്ന് പരിശോധിക്കാം.

അനുകൂലവാദങ്ങൾ

- വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ വിപണിയിൽ ലഭ്യമാകുന്നു.
- മികച്ച സാങ്കേതികവിദ്യ ഉപയോഗിക്കാൻ കഴിയുന്നു.
- മത്സരം വർധിക്കുന്നത് വില കുറയാൻ കാരണമാകുന്നു.
- കയറ്റുമതി വർധിക്കുന്നു.

pscnet.in

- കമ്പനികൾക്ക് വിദേശവിപണികളിൽ പ്രവേശിക്കാൻ കഴിയുന്നു.
- കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.
- ദേശീയവരുമാനം വർധിക്കുന്നു.

പ്രതികൂല വാദങ്ങൾ

- സാമ്പത്തിക അസമത്വം വർധിക്കുന്നു.
- പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണം നടക്കുന്നു.
- ഇറക്കുമതി പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണമാകുന്നു.
- സമ്പദ്ഘടനയെ നിയന്ത്രിക്കാനുള്ള സർക്കാറിന്റെ കഴിവ് കുറയുന്നു.
- തൊഴിൽസുരക്ഷിതത്വം കുറയുന്നു.
- പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നത് ഭാവിയിൽ സർക്കാർ വരുമാനം കുറയാൻ ഇടയാക്കുന്നു.



*മുതിർന്നവരോട് ചോദിച്ച് 'കമ്പോളം അന്നും ഇന്നും' എന്ന കുറിപ്പ് തയാറാക്കുക. സൂചന - ആവശ്യങ്ങൾ, ഉൽപ്പന്നവൈവിധ്യം, വിലനിലവാരം, വിദേശ ഉൽപ്പന്നങ്ങൾ.*



## വിലയിരുത്താം

- മുതലാളിത്ത സമ്പദ്വ്യവസ്ഥയെ കമ്പോള സമ്പദ്വ്യവസ്ഥ എന്നറിയപ്പെടാൻ കാരണമെന്ത്?
- ആസൂത്രണമാണ് സോഷ്യലിസത്തിന്റെ പ്രധാന സവിശേഷത. വ്യക്തമാക്കുക.
- 'ഇന്ന് ലോകത്ത് മുതലാളിത്ത സമ്പദ്വ്യവസ്ഥയും സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയും പൂർണമായ അർഥത്തിൽ കാണാൻ കഴിയില്ല.' പ്രസ്താവന വിലയിരുത്തുക.
- ഇന്ത്യയിൽ ഉദാരവൽക്കരണനയത്തിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ച നടപടികൾ പട്ടികപ്പെടുത്തുക.
- ബഹുരാഷ്ട്ര കമ്പനികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- ആഗോളവൽക്കരണനയങ്ങളെ നിങ്ങൾ പിന്തുണയ്ക്കുന്നുണ്ടോ? വ്യക്തമാക്കുക.



## തുടർപ്രവർത്തനങ്ങൾ

- ഉദാരവൽക്കരണനയങ്ങളെ ഗാന്ധിജിയുടെ സാമ്പത്തികശാസ്ത്രചിന്തകളുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.
- വിവിധ ബഹുരാഷ്ട്ര കമ്പനികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇന്റർനെറ്റിന്റെ സഹായത്തോടെ കണ്ടെത്തി അവയെ ഇന്ത്യൻ കമ്പനിയെന്നും വിദേശ കമ്പനിയെന്നും വേർതിരിച്ച് പട്ടികപ്പെടുത്തുക.